നിശ്ശബ്ദതയുടെ ശബ്ദം.. ഇക്കോ ഇഷ്ടികകൾ

153

# ലിറ്റിൽ മാസിക

2014 ആഗസ്റ്റ്




കേശവ് കാർട്ടൂൺ വരയ്ക്കുന്നത് കൈകൊണ്ട് തന്നെയാണ്...

'ഫിലിപ്പൈൻസിലെ

# ഇക്കോ ഇഷ്ടികകൾ

ടി.ഐ. ലാലു



*റെനാറ്റോ അബിബികോ*

നമ്മുടെ ജീവിതപരിസരങ്ങളിൽ അനുദിനം കുമിഞ്ഞുകൂടുന്ന നാനാതരം അവശിഷ്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യാനാവാതെ കുഴങ്ങുന്ന ഒരു കാലമാണല്ലോ. ഈയൊരു വെല്ലുവിളി നേരിടുന്നതിനുള്ള ഒരു എളിയ സംരംഭവുമായി ഫിലിപ്പൈൻസിലെ ആംഗ്ലിക്കൻ സഭാ വിശ്വാസികൾ രംഗത്തു വന്നിരിക്കുന്നു. അവശിഷ്ടങ്ങളിലെ കൂടുതൽ പ്രശ്നക്കാരായ അജൈവ അവശിഷ്ടങ്ങളെ ഇഷ്ടികകളാക്കി മാറ്റുവാനാണ് അവർ പരിപാടിയിട്ടിരിക്കുന്നത്. ഇത്തരം ഇക്കോ ഇഷ്ടികകൾ ഉപയോഗിച്ച് പള്ളികൾ പണിയുവാനാണ് അവർ ഉദ്ദേശിച്ചിരിക്കുന്നത്.

ഇക്കോ ഇഷ്ടികകൾ തയ്യാറാക്കുന്ന വിധം ഏതാണ്ടിങ്ങനെയാണ്; ഒന്നര ലിറ്ററിന്റെ ഒഴിഞ്ഞ ശീതള പാനീയക്കുപ്പികളിൽ അജൈവ അവശിഷ്ടങ്ങൾ കുത്തിനിറക്കുന്നു. അവശിഷ്ടങ്ങൾ നിറച്ച് കുപ്പികൾ തറയിൽ വിലങ്ങനെ വെക്കുകയും കളിമണ്ണ്, മണൽ, വൈക്കോൽ എന്നിവ ചേർത്ത കൂട്ടുകൊണ്ട് ഇതിനെ പൊതിയുകയും ചെയ്യുന്നു. ഇതാണ് ഇക്കോ ഇഷ്ടിക. ഇങ്ങനെ നിർമ്മിച്ചെടുക്കുന്ന ഇഷ്ടികകൾക്ക് സാധാരണ സിമന്റ് ഇഷ്ടികകളെക്കാൾ മൂന്നിരട്ടി ബലം ഉണ്ടാകുമത്രെ! കൂടാതെ 200 മുതൽ 300 വർഷം വരെ ഈടും ആയുസ്സും ഇവയ്ക്ക് ഉണ്ടാകുമെന്ന് ഉറപ്പിക്കുകയും ചെയ്യാം.

ഫിലിപ്പൈൻസിലെ വടക്കൻ ലുസോൺ (Luzon) എപ്പിസ്കോപ്പൽ രൂപതയിലെ മെത്രാൻ റെനാറ്റോ അബിബികോ (Renato Abibco) ആണ് ഇങ്ങനെയൊരു ഹരിതസംരംഭത്തിനു മുൻകയ്യെടുത്തിരിക്കുന്നത്. രൂപതയിലെ എല്ലാ കുടുംബങ്ങളോടും ഇഷ്ടിക നിർമ്മാണ പരിപാടിയിൽ പങ്കാളികളാകണമെന്നു മെത്രാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മനുഷ്യരിലെ നൈസർഗ്ഗികത സംരക്ഷിച്ചുകൊണ്ട് അവരുടെ ആത്മീയ സന്തുഷ്ടിയും പരിത്രാണവും പ്രോത്സാഹിപ്പിക്കപ്പെടണമെന്ന് ഈയിടെ ചേർന്ന ആംഗ്ലിക്കൻ രൂപതയുടെ ഒരു സമ്മേളനം നിശ്ചയിച്ചിരുന്നു. അതിന്റെ ചുവടുപിടിച്ചുകൊണ്ടാണ് ഇക്കോ ഇഷ്ടികനിർമ്മാണം പുരോഗമിക്കുന്നത്.

ജൈവ അവശിഷ്ടങ്ങൾ റീസൈക്കിൾ ചെയ്ത് ഇക്കോ ഇഷ്ടിക നിർമ്മിക്കുന്ന ഏർപ്പാട് ഫിലിപ്പൈൻസിലെ വിദ്യാലയങ്ങളിൽ കുറച്ചുകാലമായി പ്രചാരത്തിലുണ്ട്. പക്ഷേ, ഇത്തരം ഇഷ്ടികകൾ വിവിധ അലങ്കാരാവശ്യങ്ങൾക്കും പ്രകൃതിദൃശ്യങ്ങൾക്ക് മനോഹാരിത കൂട്ടുവാനുമാണ് പ്രധാനമായും പ്രയോജനപ്പെടുത്തി വരുന്നത്.


copyleft

ലിറ്റിൽ മാസിക

153

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

എഡിറ്റർ
ബിജു ജോൺ


കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
അബ്ദുള്ളക്കുട്ടി എടവണ്ണ

മാനേജിംഗ് എഡിറ്റർ
ജയപ്രകാശ് നിലമ്പൂർ

പത്രാധിപ സമിതി
പി.എം. ജോൺ
സതീഷ് ചളിപ്പാടം
ചന്ദ്രബാബു തൃക്കലങ്ങോട്
ഹാരിസ് നെന്മേനി

ടൈപ്പ് സെറ്റിംഗ്
ജസീല

ഏതാനും മുൻ ലക്കങ്ങൾ വായിക്കാം
littlemasika.blogspot.in

വളരെ നാളുകൾ ചിലവാക്കി
വളരെ മൈലുകളകലെ
വളരെ പണം ചിലവു ചെയ്ത്,
പല നാടുകൾ ചുറ്റി
പർവ്വത മലകൾ കാണാൻ,
സാഗരം കാണാൻ പോയി,
പക്ഷേ, വീട്ടിൽ നിന്നും
വെറും രണ്ടു ചുവടു ദൂരത്തിൽ
ഒരു ധാന്യക്കതിരിലെ ജലകണത്തെ
ഇരുകണ്ണുകളും തുറന്ന് കാണാൻ കഴിഞ്ഞില്ല

-ടാഗോർ

ചരിത്രത്തിൽ നിന്ന്
നന്മയുടെ ഒരു മഹാപാഠം..



മടങ്ങിയെത്തുന്ന

# സൽപ്രവൃത്തികൾ

19-ാം നൂറ്റാണ്ടിന്റെ അവസാനം അമേരിക്കയിലെ ഒരു പാവപ്പെട്ട കുടുംബത്തിൽ നിന്നുള്ള രണ്ടു യുവാക്കൾക്ക് കോളേജിൽ പഠിക്കുവാൻ പ്രവേശനം ലഭിച്ചു. പഠനച്ചിലവുകൾക്ക് പണം സ്വരൂപിക്കുവാൻ അവർ പല മാർഗ്ഗങ്ങളും ആലോചിച്ചു. ഒടുവിൽ അവർ പ്രസിദ്ധനായ ഒരു വ്യക്തിയുടെ പിയാനോ കൺസേർട്ട് നടത്തുവാൻ തീരുമാനിച്ചു. പരിപാടി നടത്തി മിച്ചം ലഭിക്കുന്ന പണം തങ്ങളുടെ പഠനച്ചിലവുകൾക്കായി ഉപയോഗിക്കാമെന്ന് അവർ കണക്കുകൂട്ടി. പിയാനോ വാദനത്തിൽ അക്കാലത്ത് ഏറ്റവും പ്രസിദ്ധനായ ഇഗ്നേസ് പദ്‌രവേസ്കിയെ ആയിരുന്നു അതിനായി അവർ കണ്ടെത്തിയത്.

പദ്‌രവേസ്കിയുടെ മാനേജരും ചെറുപ്പക്കാരും കൂടിക്കാഴ്ച നടത്തി. 2000 യു.എസ് ഡോളറിന് പദ്‌രവേസ്കിയുടെ സംഗീതപരിപാടി നടത്തുവാൻ തീരുമാനമായി. തുക മോശമല്ലാത്തതിനാൽ പദ്‌രവേസ്കിയ്ക്കും ഈ കരാർ സമ്മതമായിരുന്നു. എന്നാൽ ഈ ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം 2000 യു.എസ് ഡോളർ എന്നത് വലിയൊരു തുകയായിരുന്നു. ചടങ്ങിൽ നിന്നും 2000 ഡോളർ ലഭിച്ചില്ലെങ്കിൽ അത്രയും തുക അവർ മറ്റേതെങ്കിലും വിധത്തിൽ കണ്ടെത്തി നൽകുക എന്നത് അവരുടെ ഉത്തരവാദിത്വമായിരുന്നു.

ചെറുപ്പക്കാർ രണ്ടുപേരും ഉടമ്പടിയിൽ ഒപ്പിട്ട ശേഷം പരിപാടിയിൽ പരമാവധി ആളുകളെ പങ്കെടുപ്പിക്കുവാൻ കഠിനപ്രയത്നം ചെയ്തു. സംഗീതപരിപാടി ഭംഗിയായി നടന്നു. പക്ഷേ ലഭിച്ച പണം എണ്ണിനോക്കിയപ്പോൾ കേവലം 1600 ഡോളർ മാത്രമേ ഈ പരിപാടിയിൽ നിന്നു ലഭിച്ചിട്ടുള്ളൂ എന്ന് അവർക്ക് മനസ്സിലായി.

അവർ തങ്ങൾക്കു ലഭിച്ച 1600 ഡോളറും പദ്‌രവേസ്കിയ്ക്കു നൽകി. അതുകൂടാതെ എത്രയും വേഗം പണം നൽകിക്കൊള്ളാമെന്ന ഉറപ്പിൽ കടമായുള്ള തുകയ്ക്കുള്ള ചെക്കുകൂടി അദ്ദേഹത്തിനു സമർപ്പിച്ചു. ആ രണ്ടു ചെറുപ്പക്കാരുടെ ആത്മാർത്ഥമായ പെരുമാറ്റത്തിലും സത്യസന്ധതയിലും പദ്‌രവേസ്കിയ്ക്ക് അങ്ങേയറ്റം സന്തോഷം തോന്നി. അവർ അദ്ദേഹത്തിനു കൊടുത്തുതീർക്കുവാനുള്ള നാനൂറ് ഡോളറിന്റെ ചെക്ക് അദ്ദേഹം കീറിക്കളഞ്ഞു. സംഗീതപരിപാടിക്ക് പ്രതിഫലമായി തനിക്ക് നൽകിയ 1600 ഡോളർ ആ രണ്ടു ചെറുപ്പക്കാർക്ക് മടക്കിക്കൊടുത്തുകൊണ്ട് അദ്ദേഹം പറഞ്ഞു, “ഈ പണം നിങ്ങളുടെ വിദ്യാഭ്യാസ ചിലവുകൾക്കു വേണ്ടി ഉപയോഗിക്കുക. മിച്ചമുണ്ടെങ്കിൽ പത്തു ശതമാനം നിങ്ങളുടെ കമ്മീഷനായി എടുക്കുക. പിന്നീട് എന്തെങ്കിലും ശേഷിച്ചിട്ടുണ്ടെങ്കിൽ അത് ഞാൻ എടുത്തുകൊള്ളാം.” പദ്‌രവേസ്കിയുടെ വാക്കുകൾ കേട്ട ചെറുപ്പക്കാരുടെ കണ്ണുകളിൽ നിന്നും ആനന്ദാശ്രുക്കൾ പൊഴിഞ്ഞു.

വർഷങ്ങൾ കഴിഞ്ഞു. ഒന്നാം ലോക മഹായുദ്ധത്തിന്റെ അവസാനം പദ്‌രവേസ്കി തന്റെ ജന്മദേശമായ പോളണ്ടിലേക്ക് മടങ്ങുകയും അവിടെ പ്രധാനമന്ത്രിയായിത്തീരുകയും ചെയ്തു. യുദ്ധത്തിന്റെ ഫലമായി രാജ്യത്ത് കടുത്ത ദാരിദ്ര്യവും സാമ്പത്തിക പ്രതിസന്ധിയുമുണ്ടായി. വിശന്നുവലഞ്ഞ ജനങ്ങൾ ഭക്ഷണത്തിനുവേണ്ടി യാചിച്ചു. രാജ്യത്ത് പലയിടത്തും അന്വേഷിച്ചെങ്കിലും ഭക്ഷ്യപ്രതിസന്ധി തീർക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. മറ്റൊരു മാർഗ്ഗവുമില്ലാതെ അദ്ദേഹം യു.എസിലെ ഭക്ഷ്യ ദുരിതാശ്വാസ സഹായനിധിയുടെ തലവൻ ഹെർബർട്ട് ഹൂവറിനോട് സഹായം അഭ്യർത്ഥിച്ചു. ഉടൻ തന്നെ പോളണ്ടിലേക്ക് വലിയ അളവിൽ ഭക്ഷ്യധാന്യങ്ങൾ എത്തിക്കാമെന്ന് ഹെർബർട്ട് ഹൂവർ അദ്ദേഹത്തെ അറിയിച്ചു. ഒട്ടും വൈകാതെ പത്ത് ടണ്ണിലധികം ഭക്ഷ്യധാന്യങ്ങൾ പോളണ്ടിലെത്തി. പോളണ്ടിനെ ബാധിക്കാമായിരുന്ന ക്ഷാമം അതോടെ ഒഴിഞ്ഞുപോയി. ഹെർബർട്ട് ഹൂവറിനോട് നന്ദി പറയുന്നതിനായി അദ്ദേഹവുമായി പാരീസിൽ വെച്ച് കൂടിക്കാഴ്ച നടത്തുവാൻ പ്രധാനമന്ത്രിയായ പദ്‌രവേസ്കി തീരുമാനിച്ചു.

പ്രധാനമന്ത്രിയായ പദ്‌രവേസ്കിയും ഹെർബർട്ട് ഹൂവറും കണ്ടുമുട്ടി. ക്ഷാമത്തിൽ നിന്നും തന്റെ രാജ്യത്തെ ജനങ്ങളെ രക്ഷിച്ചതിൽ പദ്‌രവേസ്കി അദ്ദേഹത്തോട് നന്ദി പറഞ്ഞു. ഹെർബർട്ട് ഹൂവർ പറഞ്ഞു, “അങ്ങ് എന്നോട് ഇതിൽ നന്ദി പറയേണ്ട കാര്യമില്ല. ഞാനാണ് അങ്ങയോട് നന്ദി പറയേണ്ടത്. പ്രധാനമന്ത്രി പെദ്‌രവ്സ്കി, അങ്ങ് ഒരുപക്ഷേ ഒരു കാര്യം മറന്നിരിക്കും, പക്ഷേ എനിക്കത് ഒരിക്കലും മറക്കുവാൻ കഴിയുകയില്ല. ഞാനത് എന്നേയ്ക്കും ഓർമ്മിക്കും. വർഷങ്ങൾക്കു മുമ്പ് നിങ്ങൾ രണ്ട് പാവപ്പെട്ട യൂണിവേഴ്സിറ്റി വിദ്യാർത്ഥികളെ സഹായിച്ചത് ഓർമ്മിക്കുന്നുണ്ടോ? അവരിൽ ഒരാൾ ഞാനായിരുന്നു.”

*-ഇന്ത്യൻ മെസഞ്ചർ ജനുവരി 2014*

## വർത്തമാനത്തിന്റെ ആകുലത

റസാഖ് പയമ്പ്രോട്ട്

ഇന്ത്യയിലെ ഭരണമാറ്റവും സഹിക്കാനാവാത്ത വിലക്കയറ്റവും സോഷ്യൽ മീഡിയയിൽ ഒരു പോസ്റ്റ്: ആയത് “കെ.പി. ഉമ്മറിനെ പേടിച്ച് ബാലൻ.കെ.നായരുടെ വീട്ടിലേക്ക് ഓടിക്കയറിയ ഉണ്ണിമേരിയുടെ അവസ്ഥ” എന്നായിരുന്നു. ഒരു കാലത്തെ മലയാള സിനിമയുടെ രസതന്ത്രവും താരസാന്നിധ്യവും ഓർമ്മപ്പെടുത്തുന്ന ഈ പോസ്റ്റ് വർത്തമാനത്തിന്റെ ആകുലതകൾ പങ്കുവെക്കുന്നു. പോസ്റ്റ് ചെയ്തവർക്കും ഷെയർ ചെയ്തവർക്കും നന്ദി.

# കാർട്ടൂൺ വരയ്ക്കേണ്ടത് കൈകൾ കൊണ്ട് തന്നെയാണ്

**കേശവ്/ബിജു ജോൺ**

കാർട്ടൂൺ മിനിമലിസത്തിന്റെ കലയാണ്; അതിന്റെ സാങ്കേതികത്വത്തിന്റെ തലത്തിൽ. ഒരു പേനയും കടലാസും മാത്രം മതി കാർട്ടൂണിസ്റ്റിന് വൻയുദ്ധങ്ങൾ നയിക്കാൻ. ഇന്ത്യൻ ഇങ്ക് കൊണ്ട് വലിയ വലിയ പടയോട്ടങ്ങൾ നടത്തിയവരാണ് മഹാൻമാരായ കാർട്ടൂണിസ്റ്റുകൾ. വെള്ള പ്രതലത്തിൽ കറുപ്പിലും വെളുപ്പിലും കോറിയിടുന്ന ഏതാനും വരകൾ! ആറ്റിക്കുറുക്കിയ നർമ്മത്തിൽ മറഞ്ഞിരിക്കുന്ന പൊള്ളുന്ന പ്രതിരോധം ചെറിയ വരകളിൽ മഹാഖ്യായികളാവുന്നു. ഏത് മാരകവിമർശനവും സ്ഫോടകശേഷിയേറിയ ചിന്തയും ഇത്രമേൽ ലളിതമായി ആവിഷ്കരിക്കാവുന്ന മീഡിയ വേറെയില്ലതാനും. 'കമ്പ്യൂട്ടർ ജനറേറ്റഡ്' ആനിമേറ്റഡ് കാർട്ടൂണുകളും, ഫോട്ടോഷോപ്പിലെ യാന്ത്രികതയിൽ മുനയൊടിഞ്ഞ വർണ്ണ കാർട്ടൂണുകളും പത്രസ്ഥലങ്ങൾ കയ്യടക്കുന്ന ഈ കാലത്ത് മിനിമലിസ്റ്റ് രചനാ രീതിയും പരമാവധി അയത്നലളിതമായ, നൈസർഗ്ഗികമായ രചനാശൈലിയുമായി സമകാലിക ഇന്ത്യൻ പൊളിറ്റിക്കൽ കാർട്ടൂണിസ്റ്റുകളുടെ, മുൻനിരയിലെത്തിയ കേശവുമായി ചെന്നൈ 'ഹിന്ദു'വിൽ വെച്ച് നടത്തിയ അഭിമുഖം ഇന്ത്യൻ കാർട്ടൂണിന് ഇന്ന് സംഭവിക്കുന്ന ഗതിവ്യതിയാനങ്ങളിലേക്ക് വെളിച്ചം വീശുന്നവയായിരുന്നു.

പത്രമോഫീസിലെ തന്റെ ക്യാബിനിലിരുന്ന് വളരെ ലളിതമായ തന്റെ രചനാസങ്കേതങ്ങളെ പരിചയപ്പെടുത്തിയത് കൗതുകമുണർത്തി. എവിടെയും സുലഭമായി കിട്ടുന്ന കറുത്ത ജെൽപേന ഉപയോഗിച്ച് പെൻസിൽ സ്കെച്ച് ഇടാതെ വെട്ടും തിരുത്തലും ഇല്ലാതെ നേരിട്ട് അതിനൈസർഗ്ഗികമായി കടലാസിലേക്ക് പകർത്തുന്ന കാർട്ടൂണുകളിൽ കാർട്ടൂണിസ്റ്റിന്റെ കൈകളുടെ ജൈവഗന്ധം അനുഭവിക്കാം. കൈകളുടെ സ്വതന്ത്ര സഞ്ചാരങ്ങൾക്കിടയിൽ സംഭവിക്കാവുന്ന നിർദോഷമായ കൈകുറ്റപ്പാടുകൾ ഓരോ ഫ്രെയിമിലും അങ്ങിങ്ങായി കാണാം... അടിമുടി ഓർഗാനിക് ആയ ഒരു കാർട്ടൂണിസ്റ്റിനെയാണ് വെട്ടുതിരുത്താത്ത വരപ്പാടുകളിൽ കാണാൻ കഴിയുക. അതെ.. കേശവ് ഇപ്പോഴും കൈകൾ കൊണ്ട് തന്നെയാണ് കാർട്ടൂൺ വരക്കുന്നത്. ഒരുപക്ഷേ ഹാൻഡ്മെയ്ഡ് കാർട്ടൂണുകളുടെ വസന്തം കേശവിൽ വന്ന് അവസാനിക്കുന്നതാവാം.

ഹിന്ദു പത്രത്തിന്റെ ഓഫീസിൽ വെച്ച് അതിന്റെ സ്റ്റാഫ് കാർട്ടൂണിസ്റ്റിനെ ഒരു ക്യാമറ പോലുമില്ലാതെ മൊബൈൽ ക്യാമറയിൽ ഫോട്ടോ എടുത്തും സംസാരം റെക്കോർഡ് ചെയ്തും അഭിമുഖം നടത്തിയപ്പോൾ അത്ഭുതപ്പെടുത്തിയത് കേശവിന്റെ അസാമാന്യമായ സഹകരണമനോഭാവവും സൗഹൃദവുമാണ്. വരകൾ പോലെ നിർമ്മലമായ ഒരു വ്യക്തിത്വവും അനാവരണം ചെയ്യപ്പെടുകയായിരുന്നു.

അഭിമുഖത്തിൽ നിന്ന്:

***ലിറ്റിൽ മാസിക എന്ന ചെറിയ മലയാള പ്രസിദ്ധീകരണത്തിനു വേണ്ടിയാണ് താങ്കളുമായി സംസാരിക്കുന്നത്. താങ്കളുടെ കാർട്ടൂണുകൾ ഇഷ്ടപ്പെടുന്നവരാണ് കേരളത്തിലെ 'ഹിന്ദു' വായനക്കാർ. താങ്കളുടെ കാർട്ടൂണുകൾ കാണുമ്പോൾ പെട്ടെന്ന് തോന്നുന്ന ഒരു കാര്യം അത് അധികം സമയമെടുക്കാതെ പെട്ടെന്ന് വരയ്ക്കുന്നവയാണ് എന്നാണ്. അൽപം കൂടി ശ്രമിച്ച് ഫിനിഷ് ചെയ്തെടുക്കാമായിരുന്നു എന്ന് ഓരോ ഫ്രെയിമുകളും കാണുമ്പോൾ തോന്നാറുണ്ട്. അയത്നലളിതമാണ് ആ രചനാരീതി. പക്ഷേ കുറിക്കു കൊള്ളുന്നതാണ് ഓരോ രചനകളും. രചനയിലെ ഈ ലാളിത്യം ബോധപൂർവ്വമാണോ?***

**കേശവ്:** വളരെ സ്പൊണ്ടേനിയസ് ആയാണ് ഞാൻ കാർട്ടൂൺ വരക്കുന്നത്. തിരുത്തലുകളോ നന്നാക്കലുകളോ ഇല്ലാതെ ഒറ്റയടിക്ക് വരച്ചുതീർക്കുന്നതാണ് എന്റെ രീതി. പെൻസിൽ കൊണ്ട് സ്കെച്ച് പോലുമിടാതെ നേരിട്ടാണ് വരക്കുന്നത്. വരക്കുന്നതിലെ ഈ സ്വാതന്ത്ര്യം ഞാനിഷ്ടപ്പെടുന്നു. അപൂർവ്വം ചില കാര്യങ്ങൾ അനാവശ്യമെന്നു തോന്നുന്നതുമാത്രം ഒഴിവാക്കും. കാർട്ടൂൺ സ്പൊണ്ടേനിയസ് ആയി വരക്കേണ്ടതാണെന്നാണ് എന്റെ പക്ഷം. ഒരിക്കൽ വരച്ചത് പിന്നീട് മാറ്റിവരക്കാൻ എനിക്ക് കഴിയാറില്ല.

***എങ്ങനെയാണ് കാർട്ടൂണിലേക്ക് വരുന്നത്?***

**കേശവ്:** ഒരു കാർട്ടൂണിസ്റ്റായി കരിയർ ആരംഭിച്ചയാളല്ല ഞാൻ. ഞാൻ ചിത്രകല അഭ്യസിച്ചിട്ടില്ല. ആദ്യകാലത്ത് ലൈഫ് സ്കെച്ചുകൾ ധാരാളം ചെയ്യുമായിരുന്നു. സംഗീത കച്ചേരികളും മറ്റ് പരിപാടികളുമൊക്കെ നടക്കുമ്പോൾ പോയിരുന്ന് അതിന്റെ സ്കെച്ച് ചെയ്യുമായിരുന്നു. ആദ്യകാലത്ത് ആനന്ദവികടൻ എന്ന തമിഴ് പത്രത്തിൽ വരയും നർമ്മവും ചേർത്ത് ചില കുറിപ്പുകളും മറ്റും കൊടുത്തുതുടങ്ങി. കുറേക്കാലം അങ്ങനെ ആനന്ദവികടനുവേണ്ടി ഫ്രീലാൻസായി ജോലി ചെയ്തു. ഇടയ്ക്ക് ബാങ്കിൽ ഉദ്യോഗസ്ഥനായി. 1982-ലാണ് 'ഹിന്ദു'വിൽ കാർട്ടൂണിസ്റ്റായി ജോലി ചെയ്യുന്നത്. വളരെ സ്വാഭാവികമായാണ് ഞാനൊരു കാർട്ടൂണിസ്റ്റായി മാറുന്നത്.

***ഇംഗ്ലീഷ് അറിയാത്ത എന്റെയൊരു മുതിർന്ന സുഹൃത്ത് ഒരിക്കൽ പറഞ്ഞു. അദ്ദേഹം താങ്കളുടെ കാർട്ടൂണുകൾ നന്നായി ആസ്വദിക്കുന്നുണ്ടെന്ന്. വാക്കുകളുടെ സഹായമില്ലാതെ തന്നെ ആശയം***



ഫോട്ടോ: ബിജു ജോൺ

_ കേശവ്:

നല്ല കാർട്ടൂണുകൾ ഹാൻഡ്‌മെയ്ഡ് ആയിരിക്കണമെന്നാണ് എന്റെ അഭിപ്രായം. ബ്ലാക്ക് ആന്റ് വൈറ്റിലാണ് കാർട്ടൂണിന്റെ യഥാർത്ഥ സൗന്ദര്യം കുടികൊള്ളുന്നത്. കറുപ്പിലും വെളുപ്പിലും കാർട്ടൂൺ വരക്കുന്നതാണ് വ്യക്തിപരമായി എനിക്കിഷ്ടം.

*കൃത്യമായി മനസ്സിലാവുന്ന വിധത്തിലാണ് കാർട്ടൂണിന്റെ ശൈലി എന്നതുകൊണ്ടാണ് തനിക്കും കാർട്ടൂൺ മനസ്സിലാവുന്നത് എന്നദ്ദേഹം പറഞ്ഞു. പലപ്പോഴും താങ്കളുടെ കാർട്ടൂണുകൾ വാക്കുകളും വിവരണങ്ങളും വളരെ കുറച്ച് പരമാവധി വരയുടെ സാധ്യത ഉപയോഗിച്ച് ആശയവിനിമയം സാധ്യമാക്കുന്നവയാണ്. താങ്കൾ എങ്ങനെ ഇതിനോട് പ്രതികരിക്കുന്നു?*

കേശവ്: കാർട്ടൂൺ അടിസ്ഥാനപരമായി ഒരു വിഷ്വൽ മീഡിയയാണ്. സിനിമയും വീഡിയോയും ഒക്കെ പോലെ അത് വിഷ്വലുകൾ കൊണ്ട് എളുപ്പത്തിൽ കമ്യൂണിക്കേറ്റ് ചെയ്യേണ്ടതാണ് എന്നാണ് എന്റെ അഭിപ്രായം. വാക്കുകൾ ഒരുപാട് കുത്തിനിറച്ച് വരയ്ക്കുന്ന ശൈലിയോട് താൽപര്യമില്ല. വാക്കുകൾ വേണ്ടെന്നല്ല. അത് അത്യാവശ്യമുള്ളിടത്ത് മാത്രം ഉപയോഗിക്കുക എന്നതാണ് എന്റെ രീതി.

ഗ്രാമീണ ഇന്ത്യക്കാരന്റെ പ്രതിനിധി എന്ന് തോന്നിപ്പിക്കുന്ന വിധത്തിൽ താങ്കളുടെ ഫ്രെയിമുകളിൽ കുടിലിനു പുറത്ത് കയർ കട്ടിലിലിരിക്കുന്ന ഒരാളെ കാണാം. തമിഴ്നാട്ടിലിരുന്ന് വരയ്ക്കുമ്പോഴും ആ കഥാപാത്രങ്ങൾ മുഴുവൻ ഇന്ത്യൻ ഗ്രാമീണതയെയും പ്രതിനിധീകരിക്കുന്നുണ്ട്.

കേശവ്: ഇന്ത്യയിൽ എവിടെ ചെന്നാലും വടക്കെന്നോ, തെക്കെന്നോ ഭേദമില്ലാതെ വീടിനു പുറത്ത് കയറു കട്ടിലിലിരിക്കുന്ന ഗ്രാമീണരെ കാണാം. അതൊരു ഇന്ത്യൻ കാഴ്ചയാണ്. തലേക്കെട്ട് കൊണ്ടാണ് ഉത്തരേന്ത്യക്കാരനെയും ദക്ഷിണേന്ത്യക്കാരനെയും വേർതിരിച്ചറിയുന്നത്. എന്നിരുന്നാലും ഇന്ത്യൻ സാഹചര്യത്തിൽ എല്ലാ ഇന്ത്യക്കാരെയും ഒറ്റ കഥാപാത്രം കൊണ്ട് പ്രതിനിധീകരിക്കാൻ അതീവ പ്രയാസമാണ്. എങ്കിലും പരിമിതികൾക്കുള്ളിലിരുന്നുകൊണ്ട് ശരാശരി ഇന്ത്യക്കാരനെ ഞാൻ ആവിഷ്കരിക്കുന്നു.

*പൊളിറ്റിക്കൽ കാർട്ടൂൺ എന്നതിനേക്കാളും അപ്പുറം പലപ്പോഴും സോഷ്യൽ കാർട്ടൂണുകൾ എന്ന നിലയിലാണ് താങ്കളുടെ രചനകളെ കാണാൻ കഴിയുന്നത് എന്ന് തോന്നാറുണ്ട്.*

കേശവ്: എന്റെ കാർട്ടൂണുകൾ ഇന്ത്യയിലെ സാധാരണക്കാരന്റെ പക്ഷത്തു നിന്നുകൊണ്ടുള്ള കാഴ്ചകളാണ്. ആ ഒരു പെർസ്പെക്റ്റീവ് ആണ് എന്റെ കാർട്ടൂണുകളുടെ പക്ഷം. ഒരു കാർട്ടൂണിസ്റ്റിന് ഏതെങ്കിലുമൊരു പ്രത്യയശാസ്ത്രത്തോടോ രാഷ്ട്രീയ വീക്ഷണത്തോടോ പക്ഷം ഉണ്ടാവാൻ പാടില്ല എന്നാണ് എന്റെ നിലപാട്. കാർട്ടൂണിസ്റ്റ് കേവലമൊരു നിരീക്ഷകൻ മാത്രമാണ്. ചുറ്റും നടക്കുന്ന കാര്യങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും അതിനോട് പ്രതികരിക്കുകയും ചെയ്യുകയാണ് കാർട്ടൂണിസ്റ്റിന്റെ കടമ എന്നാണ് ഞാൻ വിചാരിക്കുന്നത്.

*രാഷ്ട്രീയക്കാരെ അതിരൂക്ഷമായി വിമർശനത്തിനു വിധേയമാക്കുക എന്നതാണ് എല്ലാ കാർട്ടൂണിസ്റ്റുകളും ചെയ്തുവരുന്നത്. താങ്കളും രാഷ്ട്രീയക്കാരെ വെറുതെ വിടുന്നില്ലല്ലോ.*


ഇന്ത്യയിലെ അടിസ്ഥാന ജനവിഭാഗങ്ങളുടെ, സാധാരണക്കാരന്റെ ഏത് പ്രശ്നത്തിലാണ് രാഷ്ട്രീയക്കാരന് താൽപര്യം? വിവാദങ്ങളും അർത്ഥമില്ലാത്ത രാഷ്ട്രീയ നീക്കങ്ങളിലുമാണ് അവരുടെ താൽപര്യവിഷയങ്ങൾ. ചില പച്ചക്കറികളുടെ വില 100 രൂപയോളമായി ഉയർന്നു. ഇന്ധനവില കുതിച്ചുയർന്നു. വരുമാനം ഗണ്യമായി കുറഞ്ഞു. വിവാദങ്ങളും ആരോപണ-പ്രത്യാരോപണങ്ങളുമായി രാഷ്ട്രീയക്കാർ മുന്നോട്ടു നീങ്ങുകയാണ്. അവിടെ സാധാരണക്കാരന്റെ പക്ഷത്തു നിൽക്കുകയാണ് പത്രവും കാർട്ടൂണിസ്റ്റും ഒക്കെ ചെയ്യേണ്ടത്. ഞങ്ങളുടേത് ഒരു ബിസിനസ്സ് സ്ഥാപനമോ, വ്യവസായ സ്ഥാപനമോ ഒന്നുമല്ല. ഒരു ദേശീയ പത്രമാണ്.


*വിലക്കയറ്റം, രൂപയുടെ തകർച്ച, സാമ്പത്തിക നയങ്ങൾ.. തുടങ്ങിയ സാമ്പത്തികവിഷയങ്ങൾ അതാതു സമയം കാർട്ടൂണുകളിൽ കൃത്യമായി സ്ഥാനം പിടിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ട്.*

കേശവ്: ഇക്കണോമിയുടെ സുസ്ഥിരതയാണ് ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം പ്രധാനം. ശക്തമായ, സുസ്ഥിരമായ ഇക്കോണമിയുടെ അഭാവം രാജ്യത്തെ സാധാരണക്കാരന്റെ തറപറ്റിക്കും.

*കാർട്ടൂൺ അടിസ്ഥാനപരമായി ഒരു മിനിമലിസ്റ്റ് കലയാണ്. ബ്ലാക്ക് ആന്റ് വൈറ്റിലാണ് അതിന്റെ തീവ്രസൗന്ദര്യം നിലകൊള്ളുന്നത്. ഇന്ത്യൻ ഇങ്കിന്റെ കല ഇന്ന് കൂടുതൽ സാങ്കേതിക തികവോടെ നന്നായി കളറൊക്കെ കൊടുത്ത് ഗ്രാഫിക് സാങ്കേതികതയുടെ പെർഫെക്ഷനിൽ കാർട്ടൂൺ കലയുടെ കരുത്ത് ചോരുന്നതായി കരുതുന്നുണ്ടോ?*

കേശവ്: സാങ്കേതികതയുടെ സമ്പർക്കം മൂലം കാർട്ടൂണിനു വരുന്ന ഈ മാറ്റങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നില്ല. നല്ല കാർട്ടൂണുകൾ ഹാൻഡ്‌മെയ്ഡ് ആയിരിക്കണമെന്നാണ് എന്റെ അഭിപ്രായം. ബ്ലാക്ക് ആന്റ് വൈറ്റിലാണ് കാർട്ടൂണിന്റെ യഥാർത്ഥ സൗന്ദര്യം കുടികൊ




ള്ളുന്നത്. കറുപ്പിലും വെളുപ്പിലും കാർട്ടൂൺ വരക്കുന്നതാണ് വ്യക്തിപരമായി എനിക്കിഷ്ടം. കാർട്ടൂൺ കളറിൽ ചെയ്യാൻ എനിക്കിഷ്ടമില്ല. എന്നാൽ ഞാൻ അതിന് നിർബന്ധിക്കപ്പെടുന്നുണ്ടുതാനും. കാർട്ടൂൺ വരക്കുന്നതിന് ഞാൻ കമ്പ്യൂട്ടർ ഉപയോഗിക്കാറില്ല. വരച്ചതിനുശേഷം സ്കാൻ ചെയ്ത് കളർ ചെയ്യാൻ മാത്രം കമ്പ്യൂട്ടറിൽ ഇടുകയാണ് പതിവ്. കളറു കൊടുക്കാൻ ഞാൻ ഡിസൈനർമാരെ ഏൽപിക്കാറില്ല. അതും ഞാൻ സ്വന്തമായാണ് ചെയ്യുന്നത്. മുഴുവൻ ഫില്ല് ചെയ്യാതെ അത്യാവശ്യത്തിനുമാത്രം കളർ കൊടുക്കുകയാണ് ഞാൻ ചെയ്യാറ്. എല്ലായിടത്തും കിട്ടുന്ന സാധാരണ ജെൽ പേന ഉപയോഗിച്ചാണ് ഞാൻ വരക്കുന്നത്. ബ്രഷും മറ്റും വളരെ അപൂർവ്വമായി മാത്രം. കൂടുതൽ വിശദാംശങ്ങളും മറ്റും വരക്കേണ്ട സന്ദർഭത്തിൽ ഉപയോഗിക്കും.

***ഒ.വി. വിജയന് ഡൽഹിയിൽ കാർട്ടൂൺ വരക്കുന്നതിനുവേണ്ടി സ്വന്തമായി സ്റ്റുഡിയോ ഉണ്ടായിരുന്നു എന്ന് കേട്ടിട്ടുണ്ട്. മണിക്കൂറുകളോളം എടുത്താണ് അദ്ദേഹം ഓരോ കാർട്ടൂണും വരച്ചിരുന്നത്. ഒരുപാട് റഫറൻസ് സൗകര്യങ്ങൾ സാങ്കേതിക സംവിധാനങ്ങൾ ഒക്കെ ഉപയോഗിച്ചിരുന്നു എന്നും പറയപ്പെടുന്നു. താങ്കൾക്ക് അങ്ങനെ രചനയ്ക്ക് സഹായകരമാവുന്ന പ്രത്യേക സംവിധാനങ്ങൾ ഉണ്ടോ?***

**കേശവ്:** വിജയന്റെ കാലമല്ല ഇത്.രണ്ടും രണ്ട് കാലമാണ്. ഗൂഗിളുള്ളപ്പോൾ പിന്നെന്തിനാണ് മറ്റ് സന്നാഹങ്ങൾ. കമ്പ്യൂട്ടറും ടെലിവിഷനും ഗൂഗിളും ഒന്നുമില്ലാതിരുന്ന, ഫോട്ടോഗ്രാഫുകൾ മാത്രം റഫറൻസിന് ഉണ്ടായിരുന്ന ആ കാലമായിരുന്നു കാർട്ടൂണുകളുടെ സുവർണ്ണകാലമെന്ന് തോന്നാറുണ്ട്.

***കാർട്ടൂൺ രചനയിൽ റോൾ മോഡലുകൾ ഉണ്ടോ?***

**കേശവ്:** ധാരാളം പേരുണ്ട്. ശങ്കർ, വിജയൻ, അബു എബ്രഹാം, മാലി, ... അങ്ങനെ നിരവധി പേർ. ശങ്കറും മറ്റും വരച്ചിരുന്ന ആ കാലം. അതൊരു വല്ലാത്ത കാലം തന്നെയായിരുന്നു. നെഹ്റുവിനെ പോലുള്ള ഒരാളുമായുള്ള സൗഹൃദം, എഡിറ്റർമാരുമായുള്ള മന:പ്പൊരുത്തം തുടങ്ങിയ ഒരുപാട് അനുകൂലനങ്ങൾ ശങ്കറിനുണ്ടായിരുന്നു. വിജയനും അബുവുമൊക്കെ വളരെ പൊളിറ്റിക്കൽ ആയിരുന്നു. വിജയന് പൊളിറ്റിക്സിൽ അഗാധജ്ഞാനം ഉണ്ടായിരുന്നു. അത് അദ്ദേഹത്തിന്റെ രചനകളിൽ തെളിഞ്ഞിട്ടുമുണ്ട്. പക്ഷേ ഞാൻ അത്രത്തോളം പൊളിറ്റിക്കലല്ല എന്നാണ് എന്റെ തന്നെ വിലയിരുത്തൽ. അബുവും വിജയനുമായി എനിക്ക് അടുത്ത ബന്ധമുണ്ടായിരുന്നു.

***കാർട്ടൂണിന്റെ സുവർണ്ണകാലം കഴിഞ്ഞെന്നാണോ?***

**കേശവ്:** ആർ.കെ. ലക്ഷ്മണൻ എന്ന മഹാനായ കാർട്ടൂണിസ്റ്റിന്റെ കാലത്തോടെ ഇന്ത്യൻ കാർട്ടൂണിന്റെ സുവർണ്ണയുഗം അവസാനിച്ചുവെന്നാണ് ഞാൻ കരുതുന്നത്. ഇന്ന് കാർട്ടൂണുകൾക്ക് നല്ല കാലമല്ല. മുൻപേജ് കാർട്ടൂണുകൾ പത്രങ്ങളിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. സ്ഥലം നിറയ്ക്കാനോ, ചെറിയ നേരമ്പോക്കിനോ വേണ്ടി മാത്രം കാർട്ടൂണുകൾ കൊടുക്കുന്ന പുതിയ രീതിയല്ലായിരുന്നു പണ്ട്. അതായിരുന്നില്ല കാർട്ടൂണുകളുടെ ശരിയായ മർമ്മം. നല്ല കാർട്ടൂണുകളുണ്ടാവാൻ എഡിറ്റർമാർ മനസ്സുവെക്കണം. ഗോയങ്കയെ പോലുള്ള ഗോ എഹെഡ് എന്നു പറയുന്ന പത്ര ഉടമകൾ വേണം. എന്നാലേ ഒരു നല്ല കാർട്ടൂണിസ്റ്റിനു പ്രവർത്തിക്കാൻ കഴിയൂ.

***സമകാലിക പൊളിറ്റിക്കൽ കാർട്ടൂൺ രംഗത്തെ എങ്ങനെ വിലയിരുത്തുന്നു?***


**കേശവ്:** പുതിയ തലമുറയിൽ അധികം പേർ പൊളിറ്റിക്കൽ കാർട്ടൂണിലേക്ക് വരുന്നില്ല. ഉള്ളവർ തന്നെ ക്രമേണ അച്ചടിമേഖലയിൽ നിന്ന് വെബ് ലോകത്തേക്ക് മാറുകയാണ്. വെബിൽ സ്വന്തം നിലയ്ക്ക് കാർട്ടൂണുകൾ ചെയ്യുന്ന ധാരാളം പേരുണ്ട്. പ്രിന്റ് മീഡിയ കാർട്ടൂണിസ്റ്റുകളെ അത്രകണ്ട് പ്രോത്സാഹിപ്പിക്കുന്നില്ല എന്നു തോന്നുന്നു. പൊളിറ്റിക്കൽ കാർട്ടൂൺ രചന വളരെ വെല്ലുവിളി നിറഞ്ഞതും പ്രയാസമേറിയതുമാണ്. നർമ്മത്തോടെ കാര്യങ്ങളെ നോക്കിക്കാണുന്നവർ കുറയുകയാണ്. അത് ചെയ്യരുത്, ഇത് ചെയ്യരുത് എന്നിങ്ങനെയുള്ള അസഹിഷ്ണുതകൾ പെരുകുന്ന കാലമാണ്. കാർട്ടൂണിസ്റ്റുകൾ പലരും പരസ്യം, ആനിമേഷൻ തുടങ്ങിയ, കൂടുതൽ വരുമാനം കിട്ടുന്ന മേഖലയിലേക്ക് മാറിത്തുടങ്ങിയിരിക്കുന്നു.

**വിഷ്വൽ മാധ്യമങ്ങളുടെ കുത്തൊഴുക്കിൽ അച്ചടി മാധ്യമങ്ങൾക്ക് ഭാവിയുള്ളതായി കരുതുന്നുണ്ടോ?**

**കേശവ്:** എത്ര വിഷ്വൽ മീഡിയകൾ വന്നാലും പുസ്തകത്തിന്റെയും വായനയുടെയും പ്രസക്തി കുറയാൻ പോകുന്നില്ല. ഏത് വിഷ്വൽ മീഡിയയിൽ കൂടി കാണുന്നതിനേക്കാളും കാർട്ടൂണുകൾ അച്ചടി രൂപത്തിൽ കാണാനാണ് ഏവർക്കും താൽപര്യമുണ്ടാവുക. ഒരു നല്ല ഡ്രോയിംഗ് കടലാസിൽ കാണുന്നതിന്റെ ആനന്ദം ഏതെങ്കിലും വിഷ്വൽ രൂപത്തിൽ കാണുമ്പോൾ കിട്ടുമോ?

പാഠഭേദം മാസികയെ മുൻനിർത്തി സിവിക് ചന്ദ്രനുമായുള്ള സംഭാഷണത്തിന്റെ അവസാന ഭാഗം

# ആക്ടിവിസ്റ്റ് റൈറ്റിംഗിന്റെ കേരള പാഠങ്ങൾ



*സിവിക് ചന്ദ്രൻ*

കേരളത്തിലെ വിജയിച്ച എല്ലാ ലിറ്റിൽ മാഗസിനുകൾക്കെല്ലാം പിന്നിൽ നല്ലൊരു ടീമുണ്ടായിരുന്നു എന്നു കാണാം. പരസ്പര ബഹുമാനമുള്ള ഒരു ഇന്റലക്ചൽ ഗ്രൂപ്പ്. വി.ടി ഭട്ടതിരിപ്പാടിന്റെ മാസികയാണെങ്കിലും സമീക്ഷയിലും, മംഗളോദയം, രസന.. ഇങ്ങനെ എല്ലാ മാസികളുടെ പിന്നിലും ചെറുതാണെങ്കിലും പരസ്പരം ബഹുമാനമുള്ള പരിഗണനയുള്ള ശ്രദ്ധയുള്ള പരസ്പരം ആശയങ്ങൾ കൊടുക്കൽ വാങ്ങൽ നടത്തുന്ന ഒരു ഗ്രൂപ്പ്. ഈ ഗ്രൂപ്പ് ആണ് ലിറ്റിൽ മാഗസിനുകളെ നിലനിർത്തുന്നത്.

ഒരിക്കൽ പാഠഭേദം ഒരു വിവാദത്തിൽ പെട്ടിരുന്നു. ഡി.സി. ബുക്സിന്റെ സർവ്വവിജ്ഞാനകോശം സംബന്ധിച്ച് വിമർശിച്ച ഒരു ലേഖനത്തിന്റെ വിഷയമുണ്ടായി. ഈ ലേഖനം ഭാഷാപോഷിണിയോ മാതൃഭൂമിയോ ദേശാഭിമാനിയോ മാധ്യമമോ.. അങ്ങനെ മുഖ്യധാരാ പ്രസിദ്ധീകരണങ്ങൾ പസിദ്ധീകരിക്കാൻ മടിച്ച ലേഖനമാണ്. ഈ ലേഖനം സംബന്ധിച്ച് വിവരം പറയുന്നത് കൽപ്പറ്റ നാരായണനാണ്. ഞാൻ മൂന്ന് നിബന്ധനകൾ പറഞ്ഞു. ഒന്ന് അത് റീഡബിൾ ആക്കണം, രണ്ട് വളരെ വലുതാകരുത് മൂന്നാമത്തെ കാര്യം വിമർശന മുന്നയിക്കുന്ന കാര്യങ്ങൾക്ക് തെളിവുകൾ വേണം. എങ്കിൽ പാഠഭേദം പ്രസിദ്ധീകരിക്കും. അയക്കാൻ പറഞ്ഞു. കൽപ്പറ്റയുടെ ഫോൺകാൾ വന്ന് അരമണിക്കൂർ കഴിഞ്ഞ പാടെ ഡി.സി ബുക്സ് പബ്ലികേഷൻ മാനേജർ വിളിച്ചു. ഈ ലേഖനം പാഠഭേദം പ്രസിദ്ധീകരിക്കരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട്. ഞാൻ അത്ഭുതപ്പെട്ടു. ലേഖനം എന്റെ മുമ്പിലെത്തിയിട്ടില്ല. അതിനുമുമ്പേ ഇവരറിഞ്ഞോ? മേൽ നിബന്ധനകൾക്കനുസരിച്ച് ലേഖനം പാഠഭേദം പ്രസിദ്ധീകരിക്കുമെന്ന് പറഞ്ഞു. ലേഖനം പ്രസിദ്ധീകരിച്ചു. രവി ഡി സി പാഠഭേദത്തിന് കത്തെഴുതി. അർദ്ധസത്യങ്ങളും പെരുംനുണകളും നിറഞ്ഞ ലേഖനം പാഠഭേദം പ്രസിദ്ധീകരിക്കാൻ പാടില്ലായിരുന്നു എന്ന്. ഞാൻ മറുപടി എഴുതി. ഈ ലേഖനത്തിൽ ഏതാണ് അർദ്ധസത്യങ്ങളെന്നും ഏതാണ് പെരുംനുണകളെന്നും എഴുതി തന്നാൽ പ്രദ്ധീകരിക്കാം എന്നും മറുപടി നൽകി. അവർ ഒന്നും അയച്ചില്ല.

പരസ്യം വാങ്ങുന്നതുകൊണ്ട് വിമർശിക്കാൻപറ്റില്ല എന്നൊന്നുമില്ല. തെഹൽക്ക ഉദാഹരണമാണ്. അവർ കുത്തകകളുടെ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുത്തകകൾക്കെതിരെ ശക്തമായി എഴുതിയിട്ടുമുണ്ട്. നമ്മളൊക്കെ അത് ശീലിക്കണം എന്നാണ് എനിക്ക് തോന്നുന്നത്.കേവലമായ ഐഡിയലിസം വേണ്ട എന്ന പക്ഷക്കാരനാണ് ഞാൻ. മലയാളികൾ കേവല ഐഡിയലിസത്തിന്റെ കാര്യത്തിൽ വളരെ പോപ്പുലർ ആണ്. നമ്മൾ ഒരു നീചജീവിതം ജീവിക്കും. അതിന് മറയാക്കി ഈ ഐഡിയലിസം കൊണ്ടുവരും. ഭയങ്കരമായ സിനിസിസം! എല്ലാവരെയും കുറ്റപ്പെടുത്തും. ലോകം മുഴുവൻ പെഴയാണ് എന്നു പറയും. പെഴയല്ലാതെ ജീവിക്കുന്ന ഒരാൾക്ക് ലോകം മുഴുവൻ പെഴയാണ് എന്നു പറയാൻ അവകാശമുണ്ട്. വേണുവിനോടുള്ള എന്റെ മനോഭാവം ഇതാണ്.

കെ. വേണുവിനോട് പല കാര്യങ്ങളിലും ഞാൻ യോജിക്കുന്നില്ല. പക്ഷേ ഇത്രമാത്രം ഇന്റലക്ച്വലി ഹോണസ്റ്റ് ആയ വേറെ ആരാണ് മലയാളത്തിലുള്ളത്? ഇപ്പോഴും ഒരു വരുമാനമില്ലാതെ ജീവിക്കുന്നയാൾ.

ഫ്രോണ്ടിയർ മാസികയെ കുറിച്ച് നാം സംസാരിച്ചല്ലോ. സമർസെൻ ഫ്രോണ്ടിയർ തുടങ്ങുന്ന കാലത്ത് ബംഗാളിലെ ഏറ്റവും പ്രോമിസിംഗ് ആയ മൂന്ന് കവികളിൽ ഒരാളായിരുന്നു. മാസിക തുടങ്ങിയതിനു ശേഷം ഒറ്റക്കവിതയും എഴുതിയിട്ടില്ല. ബംഗാളി കവിതക്ക് ഏറ്റവും വലിയ നഷ്ടമാണ് സമർസെൻ ഫ്രോണ്ടിയർ തുടങ്ങിയതുവഴി ഉണ്ടായത്. പക്ഷേ ഇന്ത്യൻ ജേർണലിസത്തിന് കിട്ടിയിട്ടുള്ള ഏറ്റവും വലിയ നേട്ടമാണ് ഫ്രോണ്ടിയർ! ഒരു കവി നഷ്ടപ്പെട്ടു എന്നതു ശരിയാണ്. പക്ഷേ ഒരു മികച്ച എഡിറ്ററെ കിട്ടിയില്ലേ..

വ്യക്തിപരമായി ഇങ്ങനെയൊരു പ്രശ്നമുണ്ട്... ഞാൻ അക്കാദമിക് ആയ ആളോ അപൂർവ്വ വ്യക്തിത്വമുള്ള മൗലികതയുള്ള ആളോ അല്ല. കെ.സി. നാരായണനെ പോലുള്ളവർ പറഞ്ഞിട്ടുണ്ട്. എന്റെ നാടകങ്ങളേക്കാൾ നാടകമുള്ളത് എന്റെ ലേഖനങ്ങളിലാണ്. എന്റെ കവിതകളേക്കാൾ കവിതയുള്ളത് ലേഖനങ്ങളിലാണ് എന്ന്.

ആക്ടിവിസ്റ്റ് റൈറ്റിംഗ് എന്ന ഒരു രീതി മലയാളത്തിൽ കൊണ്ടുവരുന്നത് ഞാനാണ്. ബംഗാളിലും ഇംഗ്ലീഷിലും ഇത് കൊണ്ടുവരുന്നത് മഹാശ്വേതാ ദേവിയാണ്. മലയാളത്തിൽ ആക്ടിവിസ്റ്റ് റൈറ്റിംഗ് കൊണ്ടുവന്നതിൽ എനിക്ക് അഭിമാനം തോന്നുന്നുണ്ട്.

പണ്ട് കയ്യെഴുത്ത് മാസിക നടത്തിയതൊഴിച്ചാൽ ഇതിലൊന്നും പരിചയമുണ്ടായിരുന്നില്ല. 1975-ൽ ഞാനും കെ.വേണുവും കൂടി തുടങ്ങിയ ഒറ്റലക്കം മാത്രം ഇറങ്ങിയ പ്രസിദ്ധീകരണത്തിൽ എഴുതിയാണ് ഇതൊക്കെ പഠിക്കുന്നത്. വേണു അന്ന് ഒളിവിലാണ്. എനിക്ക് ചില മാസികകൾ വായിച്ചിട്ടുണ്ടെന്നതൊഴിച്ചാൽ ഒരു പാരമ്പര്യവുമില്ല.പിന്നീട് 'പ്രേരണ' വരുന്നു. വാക്ക്, യെനാൻ തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ... ഇതെല്ലാം പാഠഭേദം പോലുള്ള ഒരു പ്രസിദ്ധീകരണത്തിന്റെ ഡ്രസ്സ് റിഹേഴ്സൽ ആയിരുന്നു എന്ന് വേണമെങ്കിൽ പറയാം. പാഠഭേദത്തിലേക്ക് വരുമ്പോൾ ആക്ടിവിസ്റ്റ് ജേർണലിസം എന്താണ് എന്നതിന് നമുക്കൊരു ധാരണയുണ്ടായി. മികച്ചൊരു ടീമിനെ കിട്ടുകയും ചെയ്തു. എക്കാലത്തും ഇങ്ങനെ നല്ലൊരു ടീമിനെ, എന്നേക്കാളും കഴിവുള്ള ടീമിനെ (വ്യക്തിജീവിതത്തിലും) കിട്ടിയിട്ടുണ്ട് എന്നു ഞാൻ പറയാറുണ്ട്. എക്സ്പ്രഷനുള്ള ഒരു കഴിവാണ് എനിക്കുള്ളത്. ടീമിലുള്ളവർ വായിച്ചതിന്റെയും എല്ലാം കാര്യങ്ങൾ പെട്ടെന്ന് സ്വാംശീകരിക്കാനും പത്രങ്ങൾ വായിച്ചാൽ അതിൽ നിന്ന് പാഠഭേദത്തിനുള്ള വിഷയങ്ങൾ കൊത്തിയെടുക്കാനും എനിക്ക് എളുപ്പം കഴിയാറുണ്ട്. അതൊരു ശീലമാണ്. പറയുമ്പോൾ ഞാൻ വലിയ പത്രവായനക്കാരനൊന്നുമല്ല. പക്ഷേ പത്രം വായിച്ചാൽ നമുക്കുള്ള വിഷയം എളുപ്പത്തിൽ എനിക്ക് കണ്ടെത്താൻ കഴിയാറുണ്ട്.

കേരളത്തിലെ വിജയിച്ച എല്ലാ ലിറ്റിൽ മാഗസിനുകൾക്കെല്ലാം പിന്നിൽ നല്ലൊരു ടീമുണ്ടായിരുന്നു എന്നു കാണാം. പരസ്പര ബഹുമാനമുള്ള ഒരു ഇന്റലക്ചൽ ഗ്രൂപ്പ്. വി.ടി ഭട്ടതിരിപ്പാടിന്റെ മാസികയാണെങ്കിലും സമീക്ഷയിലും, മംഗളോദയം, രസന........ ഇങ്ങനെ എല്ലാ മാസികയുടെ പിന്നിലും ചെറുതാണെങ്കിലും പരസ്പരം ബഹുമാനമുള്ള പരിഗണനയുള്ള ശ്രദ്ധയുള്ള പരസ്പരം ആശയങ്ങൾ കൊടുക്കൽ വാങ്ങൽ നടത്തുന്ന ഒരു ഗ്രൂപ്പ്. ഈ ഗ്രൂപ്പ് ആണ് മാസികയെ നിലനിർത്തുന്നത്. ഈ ഗ്രൂപ്പ് വളരെ പ്രധാനപ്പെട്ടതാണ്. എല്ലാവർക്കും എക്സ്പ്രഷൻസ് കൊടുക്കുക, ആശയങ്ങൾ പരസ്പരം ചർച്ച ചെയ്തെടുക്കുക, വ്യത്യസ്തമായ ആശയങ്ങൾ വരുമ്പോൾ അതിനോട് സഹിഷ്ണുതയുള്ളവരാക്കുക ഇതെല്ലാം ചെയ്യുന്ന ഗ്രൂപ്പ്. നമ്മുടെ കാഴ്ചപ്പാടിന് എതിരായ ഒരാശയം വന്നു എന്ന് കരുതി ആകാശം ഇടിഞ്ഞുവീഴുകയൊന്നുമില്ല. പിന്നീടുള്ള ലക്കങ്ങളിലും വ്യത്യസ്ത കാഴ്ചപ്പാടുകൾ കൊടുത്താൽ പോരേ.

വായനക്കാരന്റെ പ്രതീക്ഷക്കൊത്തുയരുകയല്ല, നമ്മുടെ പ്രതീക്ഷക്കൊത്ത് വായനക്കാരൻ ഉയരുകയാണ് വേണ്ടത്. വായനക്കാരെയും എഴുത്തുകാരെയും പ്രീണിപ്പിക്കേണ്ട ഒരു ബാധ്യതയും ലിറ്റിൽ മാഗസിനുകൾക്കില്ല. അവരുടെ ചിലവിലല്ല മാസിക നടത്തുന്നത്. വരിസംഖ്യ കൊണ്ടാണ് നാം അപ്പം ചുടുന്നതെന്ന ധാരണ വേണ്ട. ഈ ധാരണ പൊളിച്ചുകളയേണ്ടതുണ്ട്. ആ നിലയ്ക്ക് അൽപം പരുക്കനായിട്ടുതന്നെയാണ് പാഠഭേദം സംസാരിക്കാറുള്ളത്.

പ്രിന്റ് മീഡിയയ്ക്ക് ഇനി ഭാവിയില്ല. 35 വയസ്സിനു താഴെയുള്ളവർ വായിക്കാത്ത ഒരു പ്രസിദ്ധീകരണവും ഇനി നിലനിൽക്കില്ല.

മലയാളത്തിൽ കവിതയ്ക്ക് ലിറ്റിൽ മാഗസിൻ ഉണ്ടായിട്ടുണ്ട്. കഥയ്ക്ക് ലിറ്റിൽ മാഗസിൻ ഉണ്ടായിട്ടില്ല. കാരണം കഥയോട് ലിബറൽ ആയ ഒരു എഡിറ്റർ മാതൃഭൂമിയ്ക്ക് ഉണ്ടായിരുന്നു. കവിതയോട് ഒട്ടും ലിബറൽ അല്ലാത്ത എഡിറ്റർ ഉണ്ടായിരുന്നു. അതുകൊണ്ട് കവിതക്ക് മാത്രമായി ലിറ്റിൽ മാഗസിൻ മലയാളത്തിൽ വേണ്ടിവന്നു.

പത്രാധിപൻമാരുടെ ഇഷ്ടാനിഷ്ടങ്ങൾ പുതിയ എഴുത്തുകാരെ കൊണ്ടുവരുന്നതിലും പുസ്തകമാക്കുന്നതിലുമൊക്കെ Contribute ചെയ്യുന്നുണ്ട്. സോഷ്യൽ മീഡിയയിൽ എഡിറ്ററില്ല എന്നത് വലിയ കാര്യമാണ്. ദോഷവുമുണ്ട്. ഗൗരവമുള്ളത് പലപ്പോഴും വരില്ല. വന്നാൽ കൂവി തോൽപ്പിക്കും.ഫണ്ടമെന്റലിസ്റ്റുകളും ഒട്ടും ഉത്തരവാദിത്തമില്ലാത്തവരുമൊക്കെ സോഷ്യൽ മീഡിയയിൽ സജീവമാകുന്നുണ്ട്. സോഷ്യൽ മീഡിയയിൽ എഴുതുന്നവരും അതിഥികളായെങ്കിലും പ്രിന്റ് മീഡിയയിൽ പ്രത്യക്ഷപ്പെടാൻ ആഗ്രഹിക്കുന്നുണ്ട്. നെറ്റിലുള്ളത് പുസ്തകമായി പിന്നീടിറങ്ങുന്നുമുണ്ട്. ഇത് മലയാളത്തിന്റെ ഒരു പിൻവിളിയാണ്. പുസ്തകം നിലനിൽക്കുന്നതുകൊണ്ടാണത്. മലയാളത്തിലാണെങ്കിൽ ഒരു കൃത്രിമ ശ്വാസോച്ഛ്വാസം നൽകി വായനയെ നിലനിർത്തുന്ന ഒരു സമ്പ്രദായമുണ്ട്. പുസ്തക വ്യവസായത്തെ നിലനിർത്താനുള്ള തന്ത്രങ്ങളുടെ ഭാഗമായും ഇതു നടക്കുന്നുണ്ട്. പ്രിന്റ് മീഡിയ പുതിയ കാലത്ത് അപ്ഡേറ്റ് ചെയ്തുകൊണ്ടാണ് നിലനിൽക്കുന്നത്. മാതൃഭൂമി വീക്കിലിയൊക്കെ അങ്ങനെ ചെയ്യുന്നു. ഒരു ലിറ്റിൽ മാഗസിന് അതോടൊപ്പം ഓടിയെത്താൻ കഴിയില്ല. മാതൃഭൂമി ഒന്നുമില്ലെങ്കിൽ അവരുടെ അവസാനത്തെ പേജിൽ രണ്ടുമൂന്നു പേരെക്കൊണ്ട് എഴുതിച്ച് Contemporary ആക്കാൻ ശ്രമിക്കും. അവർക്കതിനു പറ്റും. സംവിധാനമുണ്ട്.

ലിറ്റിൽ മാഗസിനുകൾക്ക് അങ്ങനെയൊന്നും ചെയ്യാൻ പറ്റില്ലല്ലോ. അന്നന്നത്തെ അത്താഴത്തിന് പണിയെടുത്തു കഴിഞ്ഞിട്ടല്ലേ ലിറ്റിൽ മാഗസിൻ പ്രവർത്തനം പറ്റൂ.സാധാരണ വായനക്കാരനെ തൃപ്തിപ്പെടുത്താനാണ് മുഖ്യധാരാ പ്രസിദ്ധീകരണങ്ങൾ ശ്രമിക്കുക. മലയാളി വായനക്കാരന് കാറും ആഢംബരവുമൊക്കെ വേണം. ഇത്തിരി ആദർശവും വേണം. ഇതെല്ലാം ഈ പ്രസിദ്ധീകരണങ്ങളിലുമുണ്ടാകും.

മാത്രവുമല്ല ഇന്നത്തെ പ്രസിദ്ധീകരണങ്ങൾ ഡിസൈൻസ് മാസികയാണ്. പത്രാധിപർ ഡിസൈൻ ചെയ്ത ഡിസൈൻസ് മാസികയാണ്. പത്രാധിപർ ഡിസൈൻ ചെയ്ത കോളങ്ങൾ ആണ് എല്ലാം. നമുക്കൊന്നും അയച്ചുകൊടുക്കാൻ പറ്റില്ല. പുതിയ ഒന്നും പ്രസിദ്ധീകരിക്കില്ല. അവരുടെ സ്ഥിരം എഴുത്തുകാർ, സ്ഥിരം കോളങ്ങൾ, വിഷയങ്ങൾ..

മാസിക തുടങ്ങുന്നതുപോലെ പ്രധാനമാണ് അവസാനിപ്പിക്കുന്നതും. വ്യക്തിപരമായി പലപ്പോഴും ഓരോ ലക്കങ്ങൾ ചെയ്യുമ്പോഴും തോന്നിയിട്ടുണ്ട്. ഇതിട്ട് പോകണമെന്ന്.

*തയ്യാറാക്കിയത്*

***അബ്ദുള്ളക്കുട്ടി എടവണ്ണ, ബിജു ജോൺ***

**അലൻറ്ജോവിലെ ദരിദ്രരും പീഡിതരുമായ ഗ്രാമീണർ കഥാപാത്രങ്ങളായി വന്ന് എഴുത്തുകാരനെ സ്വാധീനിച്ചതിനെ കുറിച്ച്**

**ജോസ് സാരമാഗുവിന്റെ പ്രസംഗം: ഭാഗം-3**

**പരിഭാഷ: പി.പി സുരേഷ് കുമാർ**



# അലൻറ്ജോവിലെ ഗ്രാമീണർ

അലൻറ്ജോവിലെ ഗ്രാമീണവാസികൾ ഇതാ എന്റെ കൺമുമ്പിലേക്ക് കടന്നുവരുന്നു. അഭിശപ്തമായ ജീവിതം നയിച്ച കുറേ നിർഭാഗ്യവാൻമാർ. എന്റെ മുത്തശ്ശനും മുത്തശ്ശിയും ആ കൂട്ടത്തിലുണ്ട് എന്ന് ഞാനറിയുന്നു. ചോര നീരാക്കി പണിയെടുത്തിട്ടും പട്ടിണി മാത്രം അനുഭവിക്കാൻ വിധിക്കപ്പെട്ട കുറേ മനുഷ്യാത്മാക്കൾ. എന്നിട്ടുമവർ ജീവിതമൂല്യങ്ങൾ കാത്തുസൂക്ഷിച്ചു. ജീവിതത്തിലെ സൗഭാഗ്യങ്ങളനുഭവിക്കുന്ന നാം പിറകോട്ടു തിരിഞ്ഞുനോക്കി കനിവോടെ അവരുടെ ധർമ്മബോധത്തെയും മൂല്യസംരക്ഷണത്തെയും കുറിച്ച് വാചാലരാകുന്നു. എന്നാലവരനുഭവിച്ച കഷ്ടപ്പാടുകൾ! എന്റെ രാജ്യത്തിന്റെ ചരിത്രത്തിലെ കറുത്ത ഏടുകളിലായിരുന്നു അവരുടെ ജീവിതം ഒഴുകിപ്പടർന്നത്! സ്ഥാപിത താത്പര്യ സംരക്ഷണം മാത്രം ലക്ഷ്യമാക്കിയ ഭരണാധികാരികൾ. ജനങ്ങൾക്ക് ആത്മീയനേതൃത്വം നൽകാൻ ബാധ്യതയുള്ള പള്ളി പക്ഷേ സ്റ്റേറ്റിന്റെ സ്വേച്ഛാധിപത്യ പ്രവണതകൾക്കു കൂട്ടുനിൽക്കുകയാണ് ചെയ്തത്. അവരതിന്റെ ഗുണഭോക്താക്കളുമായി! പള്ളിക്കും ഭരണാധികാരികൾക്കുമിടയിൽ സ്വാതന്ത്ര്യത്തിന്റെ വായു നഷ്ടപ്പെട്ട ഒരു ജനതതിയുടെ ചിത്രം. പോലീസിന്റെ നോട്ടപ്പുള്ളികളായി അനീതിയുടെയും നിയമരാഹിത്യത്തിന്റെയും ഇരകളായി അവർ മാറി.

ഞാൻ പറഞ്ഞുവരുന്നത് 'Risen from the ground'എന്ന നോവലിനെ കുറിച്ചാണ്. 'ബേഡ് വെതേഴ്സ്' എന്ന ഒരു കർഷക കുടുംബത്തിന്റെ മൂന്ന് തലമുറകളുടെ കഥ പറയുന്ന നോവൽ. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭം മുതൽ 1974 ഏപ്രിലിൽ ഏകാധിപത്യ ഭരണകർത്താക്കളെ നിഷ്കാസിതരാക്കുന്നതു വരെയുള്ള കാലഘട്ടത്തിന്റെ ചരിത്രം കൂടിയാണ് അത്. അവർ കഥാപാത്രങ്ങൾ മാത്രമായിരുന്നില്ല; ജീവിക്കുന്ന മനുഷ്യർ കൂടിയായിരുന്നു. ഞാനവരുടെ കഥ എഴുതുമ്പോൾ അവരെന്നെ പലതും പഠിപ്പിക്കുക കൂടിയായിരുന്നു. ഞാനവരെ വിശ്വാസത്തിലെടുക്കുകയും അവരെന്റെ ഹൃദയത്തിലൂടെ തൂലികത്തുമ്പിലേക്കിറങ്ങി വരികയും ചെയ്തു. അവർ നിരന്തരമായി എന്നിൽ ഒരു നിർമ്മാണ പ്രക്രിയ നടത്തുകയായിരുന്നു. ചിലപ്പോൾ അവരെന്നെ നിലംപരിശാക്കുകയും എന്നാൽ പെട്ടെന്നു തന്നെ കൈപിടിച്ചുയുർത്തുകയും ചെയ്തു. തിക്തവും തീക്ഷ്ണവും ദുരിതപൂർണ്ണവുമായ ജീവിതം അവരിലെങ്ങനെ പ്രസാദാത്മകമായ

***"ലോകത്തെ ചലിപ്പിക്കുന്നത് സ്വപ്നങ്ങളാണ്. ആകാശത്തെ വർണോജ്ജ്വലമാക്കുന്ന ചന്ദ്രനും താരകങ്ങളും സ്വപ്നതുല്യ സൃഷ്ടികളാണ്. മനസ്സിന്റെ ആകാശത്തിൽ നിറപ്പകിട്ടു നൽകുന്നതും സ്വപ്നങ്ങളാണ്" എന്ന് പറയാൻ എന്നെ പ്രേരിപ്പിച്ചത് എന്റെ മുത്തശ്ശന്റെയും മുത്തശ്ശിയുടെയും ശിക്ഷണമാണ്. -***

ഒരു കാഴ്ചപ്പാടുണ്ടാക്കി? എനിക്കിപ്പോഴും പൂർണ്ണമായി മനസ്സിലാവാത്ത കാര്യമാണത്. നീണ്ട ഇരുപത് വർഷങ്ങൾ. ഇന്നും ആ കഥാപാത്രങ്ങൾ എന്റെ ആത്മാവിലെ നിത്യസന്ദർശകരാണ്. അവരുടെ വരവ് എന്നിൽ നിറയ്ക്കുന്നത് സങ്കീർത്തനത്തിന്റെ വിശുദ്ധിയാണ്. അലൻറ്ജോവിലെ ദരിദ്രരും പീഡിതരുമായ ആ മനുഷ്യാത്മാക്കൾ എന്റെ മനസ്സിനെ വിമലീകരിച്ചുകൊണ്ടിരിക്കുകയല്ലേ? കാലമാണതിന് മറുപടി പറയേണ്ടത്.

"Rimas", "Lusiadas"തുടങ്ങിയ ഉജ്ജ്വല കൃതികളെഴുതിയ Luis Vaz de lamoes നെ എങ്ങനെ മറക്കാനാവും? പതിനാറാം നൂറ്റാണ്ടിലെ പോർച്ചുഗൽ സൃഷ്ടിച്ച പ്രതിഭാസമ്പന്നനായ കവി. എവിടെയും അയാൾ തിരസ്കരിക്കപ്പെട്ടു. കൃതിയുടെ ഉൾക്കനമല്ല, തൊലിയുടെ നിറവും വംശശുദ്ധിയുമെല്ലാമായിരുന്നു അധികാരികൾ മാനദണ്ഡമാക്കിയിരുന്നത്. ക്രാന്തദർശികളായ കവികളെയും ദാർശനികരെയും വിഡ്ഢികളുടെ ഗണത്തിൽ പെടുത്താനാണല്ലോ അജ്ഞാത തിമിരം ബാധിച്ച അധികാരികൾ ഏതുകാലത്തും ശ്രമിച്ചിരുന്നത്! ഏതൊരു ചെറിയ എഴുത്തുകാരനും ഒരു വലിയ എഴുത്തുകാരനാകുന്ന നിമിഷം ജീവിതത്തിലൊരിക്കലെങ്കിലും സംഭവിക്കും. രാജാക്കൻമാരുടെയും പ്രഭുക്കൻമാരുടെയും പുരോഹിതൻമാരുടെയും കാലഘട്ടത്തിൽ ജീവിച്ച, ഗതകാലസ്വപ്നങ്ങളുടെ മാധുര്യവും ജീവിതാപരാഹ്നത്തിലെ സംഘർഷങ്ങളും വിഷയമാക്കിയെഴുതിയ ഈ മഹാനായ, എന്നാൽ ഹതഭാഗ്യനായ എഴുത്തുകാരനെയാണ് ഞാൻ "What shall I do.........." എന്ന നാടകത്തിലെ കേന്ദ്രകഥാപാത്രമാക്കിയത്.

ഭാഗ്യാന്വേഷിയായി വിദൂരഭാരത ദേശത്തുപോയി ഒന്നും നേടാതെ തിരിച്ചുപോന്ന ഒരു സൈനികൻ കൂടിയായിരുന്നു ഈ കഥാപാത്രം. ഒരു കാലത്ത് രാജകൊട്ടാരത്തിലെ തരുണീമണികലഉടെ ഹൃദയങ്ങളിലലകളിളക്കിയിരുന്ന, എന്നാൽ യുദ്ധത്തിൽ ഒരു കണ്ണ് നഷ്ടപ്പെട്ട അഭിശപ്ത കഥാപാത്രം. നാടകത്തിന്റെ അന്ത്യഭാഗത്ത് പ്രേക്ഷകനോട് ഒരു ചോദ്യം ചോദിക്കുന്നുണ്ട് - ഈ പുസ്തകം കൊണ്ട് നിങ്ങളെന്തു ചെയ്യും? ലോകം



പ്രതീഷ്

# ശരീരഭാഷ

എം. പി. പ്രതീഷ്

മഴക്കാലം മുഴുവനും
പുറത്തുനിന്നു കൊണ്ടു.

ഋതു മാറിവരുമ്പോൾ
എന്റെ മുതുകിൽ
മുളച്ചു തുടങ്ങിയിരിക്കുന്നു
ഒരു പുറംതോട്

# നമുക്ക് ചെയ്യാൻ

രന്യാ ദാസ്

പ്ലാസ്റ്റിക് മാലിന്യങ്ങളെ കൊണ്ട് പ്രകൃതി വീർപ്പുമുട്ടാൻ തുടങ്ങിയിട്ട് കാലം കുറേയായി. പ്രകൃതിസംരക്ഷണത്തെ കുറിച്ച് വാതോരാതെ പ്രസംഗിക്കുകയും വ്യാകുലപ്പെടുകയും ചെയ്യുന്നവരാണ് നമ്മളിൽ പലരും. എന്നാൽ ഇതിന്റെ പ്രതിവിധിയെ കുറിച്ച് ആലോചിക്കുമ്പോൾ ഒരാൾ മാത്രം വിചാരിച്ചതുകൊണ്ട് എന്തു നടക്കാനാണ് എന്ന സ്ഥിരം അലസ ചിന്തയിൽ ഉൾവലിയുകയാണ് മിക്കവരും. ഒന്നാലോചിച്ചുനോക്കൂ. വീടിനു പുറത്തിറങ്ങുമ്പോൾ യാത്രകളിൽ നാം വലിച്ചെറിയുന്ന മിനറൽ വാട്ടർ കുപ്പികൾ, മിഠായി കടലാസുകൾ, പലതരം രുചികളാൽ നമ്മുടെ വയറ് വഷളാക്കുന്ന വറപൊരികളുടെ പായ്ക്കറ്റുകൾ... കാലിയായാൽ ഇത് പിന്നെ എന്റെ കയ്യിൽ എന്തിന് എന്ന് ഓർത്ത് ചുരുട്ടിക്കൂട്ടി ഒരേറാണ്. മറിച്ച് മാലിന്യങ്ങൾ നിക്ഷേപിക്കാൻ അനുവാദമുള്ളയിടങ്ങളിൽ മാത്രം അത് നിക്ഷേപിക്കൂ. അത്തരമൊരിടം കണ്ണിൽ പെട്ടില്ലെങ്കിൽ അവ വെക്കാൻ ബാഗിൽ ഒരിടം കൊടുക്കൂ. വീടിനു പുറകിൽ ഒരു കുഞ്ഞുകുഴി ഉണ്ടാക്കി അതിൽ നിക്ഷേപിക്കൂ. അണ്ണാറക്കണ്ണനും തന്നാലായത് എന്ന പോലെ ഭൂമിയുടെ നാസാരന്ധ്രങ്ങളെ അടക്കാതിരിക്കാൻ, നമ്മുടെ നിരത്തുകൾ വൃത്തികേടാക്കാതിരിക്കാൻ ഇത്രയെങ്കിലും നമുക്ക് ചെയ്തുകൂടേ. കുഞ്ഞുങ്ങളെ കൂടെ ഈ ശീലം പഠിപ്പിച്ചുകൊടുക്കൂ. ഈ ചെറിയ കാര്യത്തിൽ ഒരു വലിയ ശരി ഒളിഞ്ഞുകിടക്കുന്നത് അവർ ഒരിക്കൽ തിരിച്ചറിയാതിരിക്കില്ല.

---

ശ്രദ്ധിക്കേണ്ട ഒരു മാസ്റ്റർപീസ് കൈവശമുണ്ടായിരിക്കുക, ലോകം അതിനുനേരെ മുഖം തിരിക്കുക! എന്തൊരു വിധിവൈപരീത്യമാണിത്? ഇത് പ്രസക്തമായ മറ്റൊരു ചോദ്യമുയർത്തുന്നു. ഇന്ന് നാമെഴുതുന്ന ശ്രമങ്ങൾക്ക് നാളെ എന്തു പ്രസക്തിയാണുണ്ടാവുക? അവ കാലത്തെ അതിജീവിക്കുമോ? ചില മറുപടികൾ നാം കേൾക്കുന്നുണ്ട്. അല്ലെങ്കിൽ മറുപടി സ്വയം പറയുന്നുണ്ട്. വഞ്ചിക്കപ്പെടാൻ നിന്നു കൊടുക്കുന്നവൻ നിശ്ചയമായും വഞ്ചിക്കപ്പെടുക തന്നെ ചെയ്യും.

ഇനി പതിനെട്ടാം നൂറ്റാണ്ടിലെ പോർച്ചുഗീസ് പശ്ചാത്തലത്തിലെഴുതിയ "Baltazar And Blimunda" യെക്കുറിച്ച് ചില കാര്യങ്ങൾ പറയട്ടെ. സെവൻ സൺസ് എന്ന അപരനാമത്തിലറിയപ്പെട്ട മാത്യൂസ്. യുദ്ധത്തിൽ ഒരു കൈ നഷ്ടപ്പെട്ടവൻ. കഥാനായികയുടെ പേർ ബ്ലിമുണ്ട. മനുഷ്യരുടെ അകത്തെ കാര്യങ്ങൾ കണ്ടറിയാനുള്ള ഗൂഢസിദ്ധി അവൾക്കു വശമാണ്. സെവൻ മൂൺസ് എന്ന പേരിൽ അവൾ അറിയപ്പെട്ടു. സൂര്യനുള്ളിടത്ത് ചന്ദ്രനുണ്ടല്ലോ- ഇവയുടെ സാന്നിദ്ധ്യമല്ലാതെ മറ്റെന്താണ് ഭൂമിയെ ഊർജ്ജസ്വലവും രമണീയവുമാക്കുന്നത്!? അവരുടെയിടയിലേക്ക് ബാർട്ടോ ലൂമി എന്ന ജസ്യൂട്ട് പാതിരി എത്തുകയാണ്. ഇന്ധനമുപയോഗിക്കാതെ, മന:ശക്തി കൊണ്ടുമാത്രം പറപ്പിക്കുന്ന ഒരു യന്ത്രം ബാർട്ടോ ലൂമി കണ്ടുപിടിച്ചിട്ടുണ്ട്! മനസ്സിന്റെ ശക്തിയെ അതിന്റെ പൂർണ്ണതയിൽ നാമുപയോഗിക്കുന്നുണ്ടോ? സഭ ഗുരുതരമായ ശക്തിവിശേഷത്തോടെ ജനജീവിതത്തെ നിയന്ത്രിച്ച കാലമായിരുന്നു അത്. ഇൻകിസിഷന്റെ ശബ്ദായമാനമായ അന്തരീക്ഷം. അന്ധവിശ്വാസങ്ങളുടെ നിശ്ശബ്ദവും എന്നാൽ തീവ്രവുമായ സാന്നിധ്യം. അധികാരത്തിന്റെ ലഹരി തലക്കുപിടിച്ച രാജാവ്. പണക്കൊഴുപ്പിൽ ഞെളിഞ്ഞുനിൽക്കുന്ന ഒരു കൊട്ടാരവും ഒരു വലിയ ബസിലിക്കയും ഗംഭീരമായ ഒരു കോൺവെന്റും രാജാവ് നിർമ്മിക്കുകയാണ്. ആർഭാടത്തിന്റെ അതിപ്രസരം കണ്ട് പുറംലോകം അന്തിച്ചുനിൽക്കുന്നു! ബ്ലിമുണ്ടയെ പോലെ ഉള്ളിലുള്ളത് കാണാനുള്ള സിദ്ധിയുണ്ടായിരുന്നുവെങ്കിൽ ലോകം എന്റെ രാജ്യത്തെ കാണുന്നതെങ്ങനെയായിരിക്കും?


ആ് ഉത്തുംഗ സൗധങ്ങൾക്കും ആർഭാടക്കൊഴുപ്പിനും പിറകിൽ പണിയെടുത്തു തളർന്ന കുറെ മനുഷ്യാത്മാക്കളുടെ കദനകഥയുണ്ട്, കണ്ണീരുണ്ട്. അവർ കൈയിലെടുത്തുയർത്തിയ കനമേറിയ കല്ലുകളിൽ വിയർപ്പുതുള്ളികൾ കണ്ണീരിന്റെ ഉപ്പുരസവുമായി കലർന്ന് പടർന്നിട്ടുണ്ട്. ആയിരക്കണക്കിനാളുകളുടെ വർഷങ്ങളോളമുള്ള നിരന്തര പ്രയത്നത്തിന്റെ ബാക്കിപത്രമാണ് ആ മിന്നുന്ന കൊട്ടാരവും ബസിലിക്കയും കോൺവെന്റും. ചരിത്രത്തിൽ അത് രാജാവിന്റെ സൃഷ്ടിയാണ്. എന്നാൽ സത്യം വിദൂരതയിലിരുന്ന് കാലത്തെ ഞെട്ടിച്ചുകൊണ്ടിരിക്കുന്നു. ഡൊമിനിക്കോ സ്കാർലാറ്റിയുടെ വാദ്യോപകരണത്തിൽ നിന്നുള്ള സംഗീതം നാം കേൾക്കുന്നു. അയാൾ കരയുകയാണോ അതോ ചിരിക്കുകയോ? എന്റെ മുത്തശ്ശന്റെയും മുത്തശ്ശിയുടെയും അദൃശ്യ സാന്നിധ്യത്തിലിരുന്നാണ് ഞാൻ "Baltazar And Blimunda" എഴുതിയത്. "ലോകത്തെ ചലിപ്പിക്കുന്നത് സ്വപ്നങ്ങളാണ്. ആകാശത്തെ വർണോജ്ജ്വലമാക്കുന്ന ചന്ദ്രനും താരകങ്ങളും സ്വപ്നതുല്യ സൃഷ്ടികളാണ്. മനസ്സിന്റെ ആകാശത്തിൽ നിറപ്പകിട്ടു നൽകുന്നതും സ്വപ്നങ്ങളാണ്" എന്ന് പറയാൻ എന്നെ പ്രേരിപ്പിച്ചത് എന്റെ മുത്തശ്ശന്റെയും മുത്തശ്ശിയുടെയും ശിക്ഷണമാണ്.

**(തുടരും)**

മഴ തോർന്നിട്ടും
മരങ്ങൾ പെയ്യുമ്പോൾ 6

അക്കു

# പ്ലാവ്



പ്രതീഷ്

***തൊടിയിലെ പ്ലാവ് വെറുമൊരു മരമായിരുന്നില്ല. ജീവിതത്തെ ആഴത്തിൽ തൊട്ടുനിന്ന അടർത്തി മാറ്റാനാവാത്ത ജൈവസാന്നിധ്യം തന്നെയായിരുന്നു***

'പിലാവ്' എന്നു പറയാനായിരുന്നു എളുപ്പം. ലളിതമായ ആ വാക്ക് പ്ലാവ് ആയി മാറിയത് സ്കൂളിൽ ചേർന്നതിനു ശേഷമാണ്. എങ്കിലും മസിൽ പിടുത്തമില്ലാതെ പറയാനിഷ്ടം 'പിലാവ്' തന്നെ! പിലാവിന്റെ ഇല പിലാപ്പില. പിലാപ്പില ആടിന്റെ ഇഷ്ടഭക്ഷണം! കുട്ടികളുടെ പ്രിയപ്പെട്ട കളിപ്പാട്ടം! പിലാവില കൊണ്ട് എന്തെല്ലാം കളികൾ!

പിലാവില മടക്കി ഈർക്കിലി കുത്തിയുണ്ടാക്കുന്ന വിവിധ കളിസാധനങ്ങൾ. ഇല ചീന്തിയുണ്ടാക്കുന്ന കാള, ബെൽറ്റ്, തൊപ്പി... ഇതെല്ലാം വെച്ച് പിലാവിന്റെ തണലിൽ തന്നെയുള്ള കളികൾ. പിലാവിന്റെ തടിയിലെ ഉണങ്ങിയ പൊളികൾ അടർത്തിയെടുത്ത് ചുരണ്ടിയെടുക്കുന്ന ചായക്കൂട്ടുകൾ...

പിലാവിന്റെ ചുള്ളി, കത്തി കെട്ടിയ തോട്ടികൊണ്ട് ഒടിച്ചെടുത്ത് ആടുകൾക്ക് തൂക്കിയിട്ടു കൊടുക്കും. ആർത്തിയോടെ നക്കിയെടുത്ത് ചവച്ചിറക്കുന്നത് കാണുമ്പോൾ ആടുകൾ അനുഭവിക്കുന്ന രുചിയുടെ അനുഭൂതി നമ്മളിലേക്കും എത്തും.

പ്ലാവില കൊണ്ട് കുമ്പിളുണ്ടാക്കിയും, പ്ലാവിലയിൽ ചമ്മന്തിയും ഉപ്പും വിളമ്പി വെച്ചും പണിക്കാർ കഞ്ഞി കുടിക്കാനിരിക്കുമ്പോൾ കുട്ടികൾ ഈ കുടി അനുകരിക്കും. ചിരട്ടക്കയിലിന്റെ കടുപ്പത്തിനു പകരം പിലാവിലയുടെ മൃദുലതയും രുചിഭേദവും പങ്കിടും.

പ്ലാവ് കായ്ച്ചു തുടങ്ങിയാൽ പിന്നെ വൈവിധ്യമാർന്ന വിഭവങ്ങൾ ഓരോ കാലത്തായി തയ്യാറാകും. ഇടിച്ചക്ക മുതൽ മധുരമുള്ള ചക്കയപ്പം വരെ... ചക്കക്കൂട്ടാനിലെ വെന്ത കുരു കിട്ടാൻ ഞങ്ങൾ മത്സരിക്കും. ഇടയ്ക്ക് ചക്കക്കുരു ചുട്ടു തിന്നും.

ചക്ക പറിക്കുക എന്നല്ല പറയുക, 'ചക്കയിടുക' എന്നാണ്. ഭാഷയിലെ ശൈലീഭേദങ്ങളുടെ ബാലപാഠങ്ങൾ പറഞ്ഞുതന്നത് വല്ലിമ്മയാണ്.ഉയരം കൂടിയ തന്തപ്പിലാവിന്റെ (പിലാവിനെ ആണായിട്ടാണോ കണ്ടത്?) മുകളിൽ കയറി ചക്കയിടാൻ ഇണ്ണികാക്കയെ തന്നെ കിട്ടണം. ഇണ്ണികാക്ക മില്ലിൽ ലോറിയിൽ നിന്ന് മരമിറക്കാൻ എത്തും. ഇടയ്ക്ക് റോട്ടിലും കാണും. ഞങ്ങൾ 'ഇണ്ണികാക്കാ' എന്ന് താളത്തിൽ വിളിച്ചാൽ അത് ചക്കയിടാനാണ് എന്ന് അദ്ദേഹത്തിന് അറിയാം. കത്തിയുമായി പിലാവിൽ കയറി ചക്ക കൊട്ടി നോക്കി താഴേക്ക് ഇടും. പ്ലാവിൽ കയറിയ ആൾ ഇറങ്ങി താഴെയെത്താതെ വീണു കിടക്കുന്ന ചക്ക എടുക്കാൻ പാടില്ലെന്നാണ് വിശ്വാസം. അതുകൊണ്ട് ഇണ്ണികാക്ക താഴെയെത്തും വരെ ഞങ്ങൾ കാത്തു നിൽക്കും.

പഴുത്ത ചക്ക മുറിച്ച് വട്ടത്തിൽ ഇരുന്ന് എല്ലാവരും ചേർന്ന് ആഘോഷമായിട്ടാണ് കഴിക്കുക. ചക്കയുടെ വലുപ്പം ഈ കൂട്ടായ തീറ്റ നിർബന്ധമാക്കും. എല്ലാവരും പങ്കിട്ട് തിന്നാലല്ലേ അതു തീരുകയുള്ളൂ!


ചക്കയുടെ ഒട്ടിപ്പിടിക്കുന്ന 'വെളഞ്ഞി' ഒരു കോലുകൊണ്ട് ചുറ്റി വടിച്ചെടുക്കും. ഈ വെളഞ്ഞിക്കോല് വീടിന്റെ ഇറയിൽ തിരുകിവെക്കും. പെരുന്നാളിന് മൈലാഞ്ചിയിടുമ്പോൾ ഇതെടുത്ത് വെളഞ്ഞി(പശ) ചൂടാക്കി ഉരുക്കി കയ്യിലിറ്റിച്ച് ഡിസൈനുണ്ടാക്കും. പൊള്ളുന്ന കൈവെള്ളയിലേക്ക് തണുത്ത മൈലാഞ്ചി പരത്തിയിടുന്ന അനുഭവം ഇപ്പോഴും ഓർമ്മയിലുണ്ട്.

ചക്കയുടെ ഓരോ ഭാഗങ്ങളുമായും ബന്ധപ്പെട്ട് പ്രത്യേക പദാവലി തന്നെയുണ്ട്. വെളഞ്ഞി, ചവുണി, മൂക്ക്, എത്ത്, പോണ്ടി.. തുടങ്ങിയ പദങ്ങൾ. ഇതിന് പ്രാദേശിക വ്യത്യാസമുണ്ടാകുമെങ്കിലും ഭാഷയിലെ ഈ ചക്ക തനിമ വിസ്മയകരം തന്നെ!

ദുരിതകാലത്ത് വിശപ്പകറ്റാൻ ചക്ക തുണയായിരുന്നു മനുഷ്യർക്കും കാക്കകൾക്കും അണ്ണാനും എല്ലാം. മനുഷ്യൻ തിന്നതിന്റെ ബാക്കി തൊഴുത്തിലെ കന്നുകാലികൾക്കും ആഹാരമാകും.

തൊടിയിലെ പ്ലാവ് വെറുമൊരു മരമായിരുന്നില്ല. ജീവിതത്തെ ആഴത്തിൽ തൊട്ടുനിന്ന അടർത്തി മാറ്റാനാവാത്ത ജൈവസാന്നിധ്യം. വെട്ടിമുറിച്ച് കടത്തിക്കൊണ്ടുപോയ ആ ജീവിത മഹാവൃക്ഷം ഇന്നും മനസ്സിലുണ്ട്. നെറയെ മരങ്ങളുള്ള വിശാലമായ ഒരു തൊടിയായി ഈ മനസ്സ്. അത് ഊഷരമാവാതിരിക്കാൻ പണിപ്പെടുകയാണിന്ന്


## ലിറ്റിൽ മാസിക



*ഇന്നുതന്നെ വരിസംഖ്യ 150 രൂപ*
*അയച്ചു തരിക.*
*ബാങ്ക് അക്കൗണ്ടിലേക്കും പണമയക്കാം*
*അക്കൗണ്ട് നമ്പർ- ബിജു ജോൺ*
***0857101067932 (കാനറ ബാങ്ക് എടക്കര ശാഖ)***

*എന്തിന്റെ പേരിലായാലും പത്ത് വൃക്ഷങ്ങൾ ഭൂമിയിൽ വളരാൻ വഴിയൊരുക്കുന്നതും, മിണ്ടാപ്രാണികളുടെ വംശം കുറ്റിയറ്റതാകാതെ കാക്കുന്നതും ഉൽകൃഷ്ടമാണ്.*

**മൃഗശ്രുതി - 4**

# ജന്മനക്ഷത്രവും ജീവികളും

**ഡേവീസ് വളർക്കാവ്**

നക്ഷത്ര വൃക്ഷങ്ങൾ നമുക്ക് എല്ലാവർക്കും പരിചിതമായിരിക്കും. എന്നാൽ നക്ഷത്ര ജീവികളുമുണ്ട്. അവയെ നമുക്ക് പരിചയപ്പെടാം. അശ്വതി മുതൽഡ രേവതി വരെ 27 നാളുകളും - നക്ഷത്രങ്ങളുമായി കാലഘണനയുള്ള ഒരു പാരമ്പര്യം കേരളത്തിനുണ്ട്. ജനനസമയത്തെ മുൻനിർത്തിയാണിത് നിശ്ചയിക്കുന്നത്. ജ്യോതിഷസംബന്ധിയെന്നോ, ചന്ദ്രമാസ കാഴ്ചപ്പാടെന്നോ ഇത് കരുതിവരുന്നു. നമുക്ക് പുറത്തുള്ള ശക്തികൾ നമ്മെ സ്വാധീനിക്കുന്നു എന്നതാണ് ഇവിടെ തെളിയുന്നത്. സൂര്യന്റെ സ്വാധീനം ജീവികളിൽ ഉള്ളത് ആരും തള്ളിപ്പറയുന്നില്ല എന്നത് ശ്രദ്ധേയം.

ഒരു കാലത്ത് മതപരമായി കാര്യങ്ങളെ നോക്കി കണ്ടിരുന്ന ദേശങ്ങളിൽ രൂപപ്പെട്ടതാണ് ജന്മനക്ഷത്ര പക്ഷി-മൃഗ സങ്കൽപങ്ങൾ. സസ്യസമൃദ്ധിയെ, ജീവസമൃദ്ധിയെ സംരക്ഷിക്കാൻ മെനഞ്ഞ ക്രാന്തദർശിത്വമായിരിക്കാം ഇത്തരം വിശ്വാസങ്ങൾക്കു പിന്നിൽ. മരുഭൂമിയിലെ ഭൂപ്രകൃതിയിൽ ഇത് അന്യമായിരിക്കും. അവിടെ ചന്ദ്രനായിരിക്കും താരം. രാത്രികളിൽ ഇവിടുത്തെ ജനജീവിതത്തെ പരിപാലിക്കാൻ മറ്റേത് പ്രകൃതിശക്തിയാണുള്ളത്. അപ്പോൾ ചന്ദ്രന്-രാവിന്-മാസപ്പിറവിക്ക് പ്രാധാന്യം വന്നുചേർന്നു. പിന്നീടത് വിശ്വാസങ്ങളായി മാറിയതാവാം. അന്ധമായി വിശ്വസിക്കുമ്പോഴും അന്ധവിശ്വാസമായി തള്ളിക്കളയുമ്പോഴും നാം പൊരുളുകളെ കാണാതെ പോവാറുണ്ട്. ഇക്കാര്യത്തിൽ നിഷേധാത്മകതയല്ല ത്യാജ്യഗ്രാഹ്യ വിവേചനമാണ് ചിന്താശീലർക്ക് ഉത്തമം. എന്തായാലും ഓരോ പ്രദേശത്തെയും പ്രകൃതി സവിശേഷതകൾക്കനുസരിച്ച് വിശ്വാസങ്ങളും സംസ്കാരങ്ങളും രൂപപ്പെടുന്നത് കാണാം. ഈയൊരു കാഴ്ചവെട്ടത്തിൽ ജന്മനക്ഷത്രങ്ങളെയും മൃഗങ്ങളെയും പക്ഷികളെയും വൃക്ഷങ്ങളെയും പരിചയപ്പെടുന്നത് കൗതുകകരമായിരിക്കും.

അശ്വതി എന്ന നാളിന്റെ ജന്മനക്ഷത്രമൃഗം കുതിരയും പക്ഷി പുള്ളും വൃക്ഷം കാഞ്ഞിരവുമാണ്. ഭരണിയെന്ന നാളിന്റേതാവട്ടെ മൃഗം ആനയും പക്ഷി പുള്ളും വൃക്ഷം നെല്ലിയുമാണ്. അങ്ങനെ തുടർന്ന് രേവതി വരെ വരുന്ന 27 നാളുകൾക്ക് ആന, ആട്, പാമ്പ്, നായ, പൂച്ച, കരിമ്പൂച്ച, എലി, ചുണ്ടെലി, ഒട്ടകം, പോത്ത്, ആൾപ്പുലി, എരുമ, സിംഹം, മാൻ, കേഴമാൻ, കുരങ്ങ്, കാള, നല്ലാൾ, മനുഷ്യമൃഗം, പശു, പിടിയാന എന്നീ മൃഗങ്ങളും പുള്ള്, ചെമ്പോത്ത്, കാക്ക, കോഴി, മയിൽ എന്നീ പക്ഷികളും, അത്തി, ഞാവൽ, കരിങ്ങാലി, കരിമരം, മുള, അരയാൽ, നാഗമരം, പേരാൽ, പ്ലാശ്, ഇത്തി, അമ്പഴം, കൂവളം, നീർമരുത്, വയ്യങ്കത, ഇലഞ്ഞി, വെട്ടി, പൈൻ, ആറ്റുവഞ്ചി, പ്ലാവ്, എരുക്ക്, വന്നി, കടമ്പ്, തേൻമാവ്, കരിമ്പന, ഇലിപ്പ എന്നീ മരങ്ങളും നക്ഷത്രങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

പ്രകൃതിയും മനുഷ്യരും തമ്മിലുള്ള പാരസ്പര്യത്തിന്റെ മഹനീയ മാതൃകയായി ഇത് നിലനിന്നു വരുന്നു. ചിത്തിരയിലെ ആൾപ്പുലി, അവിട്ടത്തിലെ നല്ലാൾ, പൂരുരുട്ടാതിയിലെ മനുഷ്യമൃഗം ഇവ ഇനിയും സന്ദേഹങ്ങൾ ഉണർത്തുന്നതാണ്. ആൾപ്പുലി നമ്മെ പോലെയുള്ള ആകൃതിയോ സ്വഭാവമോ, നല്ലാൾ നല്ല തങ്ക-ഉത്തമ സ്ത്രീ എന്നും മനസ്സിലാക്കാം. മനുഷ്യമൃഗം ചില ശില്പങ്ങളിൽ ഗ്രീക്ക് പുരാണങ്ങളിലും മറ്റും കാണാറുണ്ട്. എന്തായാലും ജൈവവൈവിധ്യ ബോർഡ് നമസ്കരിക്കേണ്ടതാണ് ഈ സങ്കൽപത്തിനു മുന്നിൽ. നാളും മന:ശ്ശാസ്ത്രവും മൃഗസ്വഭാവവും എന്നൊരു പ്രൊജക്ട് വിദ്യാർത്ഥികൾക്ക് ചെയ്യാവുന്നതാണ്.


നമുക്ക് താൽപര്യമില്ലാത്ത ആശയങ്ങളും ആചാരങ്ങളും ആർക്കും വേണ്ട എന്ന ശാഠ്യം ചിലർക്കുണ്ട്. എന്നാൽ ഇതേ ആശയങ്ങളും കർമ്മങ്ങളും നെഞ്ചോട് ചേർത്ത് നിർത്തുന്നവരുമുണ്ട്. അതാണ് ബഹുജനം പലവിധം എന്ന് കാരണവൻമാർ പറഞ്ഞത്. വൈവിധ്യങ്ങളെ അംഗീകരിക്കുക എന്നത് ഇന്നത്തെ ഭാഷ്യം. എന്തിന്റെ പേരിലായാലും പത്ത് വൃക്ഷങ്ങൾ ഭൂമിയിൽ വളരാൻ വഴിയൊരുക്കുന്നതും, മിണ്ടാപ്രാണികളുടെ വംശം കുറ്റിയറ്റതാകാതെ കാക്കുന്നതും ഉൽകൃഷ്ടമാണ്. നമ്മുടെ വീട് മരങ്ങളും വളർത്തുമൃഗങ്ങളും പക്ഷികളും എല്ലാം അടങ്ങിയതായിരുന്നു. ഇന്നത് മനുഷ്യർ മാത്രമായി ചുരുങ്ങിവരികയാണ്. പിന്നെ, ജീവജാതികളെ വളർത്തുന്നത് കൊല്ലാനും, വൃക്ഷത്തെ നടുന്നത് മുറിക്കാനും. നമ്മെയൊക്കെ ഇങ്ങനെ വളർത്തിയിരുന്നെങ്കിൽ നമ്മുടെ സ്ഥിതി എന്തായേനെ!!

തമിഴ്നാട്ടിലെ ആടിമാസം കേരളത്തിൽ തുണിവ്യാപാരത്തിന്റെ താൽപര്യമായി മാറുന്നു. വടക്കേയിന്ത്യയിലെ അക്ഷയതൃതീയ ഇവിടെ സ്വർണ്ണ വ്യാപാരത്തിന്റെ കൗശലമായി പ്രത്യക്ഷപ്പെടുന്നു. അതുപോലെ ജന്മനക്ഷത്ര കല്ലുകൾ പ്രചരിച്ചുവരുന്നു. സാധാരണക്കാരന് അപ്രാപ്യമായതാണിത്. മാത്രമല്ല ഇത്തരം വ്യാപാര താൽപര്യം തള്ളിപ്പറയേണ്ടതുമാണ്. പ്രകൃതിയുമായി സമരസപ്പെടലല്ല, സ്വന്തം ക്ഷേമം ഉറപ്പാക്കാനുള്ള വ്യഗ്രതയാണ് ബെർത്ത് സ്റ്റോണിന്റെ മറ്റൊരു വശം. തണൽ നടുന്നതും മൃഗത്തെ പോറ്റുന്നതും പോലല്ല കല്ലിന്റെ കഥ. പ്രകൃതിയെ ദ്രോഹിച്ച് ഖനനം ചെയ്താണ് കല്ലിന്റെ വരവ്. വൃക്ഷത്തെ നടുമ്പോൾ മിണ്ടാപ്രാണിയെ പരിചരിക്കുമ്പോൾ അത് പ്രകൃതിയുടെ സുസ്ഥിരയ്ക്കായാണ് ഭവിക്കുന്നത്. ജീവശൃംഖലയിലെ ശ്രേഷ്ഠരായ മനുഷ്യരുടെ ധർമ്മമാണിത്. കാരണം മനുഷ്യർ തന്നെയാണ് മരം മുറിക്കുന്നതും ജീവഹത്യ ചെയ്യുന്നതും.

ഇത്തരം ഒരു കാഴ്ചപ്പാടിൽ വിശ്വാസ-അവിശ്വാസ തർക്കങ്ങൾ അപ്രസക്തമാവുകയും സൃഷ്ടിപരമായ ഇടപെടലായി ഭവിക്കുകയും വേണം. അതിന് പ്രേരണ നൽകാൻ ജന്മനക്ഷത്ര ജീവികളുടെയും വൃക്ഷങ്ങളുടെയും പ്രചരണം സഹായകമാവും. ഇതൊന്നും പരിപഗണിക്കാതെ മൃഗങ്ങളെ പരിപാലിക്കാവുന്നതല്ലേ,

# നിശ്ശബ്ദതയുടെ ശബ്ദം..

**അവിര ജോൺസ്**



*അപഥസഞ്ചാരിണിയായ സ്ത്രീയെ ഒരു കൂട്ടമാളുകൾ ഗുരുവിന്റെ അടുത്തെത്തിച്ചു-കുറ്റവിചാരണ ചെയത് ശിക്ഷ വിധിക്കാനാണവരുടെ വരവ്. ഗുരു മൗനമായി കുറേ നേരം നിലത്തുനോക്കി കാലിന്റെ പെരുവിരൽ കൊണ്ട് എന്തോ നിലത്തെഴുതിക്കൊണ്ടിരുന്നു. മൗനത്തിന്റെ ചെറിയ ഇടവേളയ്ക്ക് ശേഷം ഗുരു തലയുയർത്തി നോക്കി. എന്നിട്ടു പറഞ്ഞു: നിങ്ങളിൽ പാപം ഇല്ലാത്തവർ അവളെ കല്ലെറിയട്ടെ. അപ്പോഴേക്കും കുറ്റവിചാരണയ്ക്കെത്തിയവർ എല്ലാം പിരിഞ്ഞുപോയിരുന്നു. ഗുരു ശാന്തമായി സ്ത്രീയോടു പറഞ്ഞു: കുഞ്ഞേ, ഞാനും നിന്നെ വിധിക്കുന്നില്ല.*

മൗനത്തിന്റെ ചെറിയ ഇടവേളകൾ പോലും വീണ്ടുവിചാരത്തിലേക്കും മനംമാറ്റത്തിലേക്കും നയിക്കും. മൗനങ്ങളുടെ ചെറിയ ഇടനേരങ്ങൾ... ചെറിയ തുരുത്തുകൾ ഇല്ലാതാവുന്നതാണ് ഈ കാലത്തിന്റെ പ്രത്യേകതകളിലൊന്ന്. പെട്ടെന്നുള്ള ക്ഷോഭത്തിന് സുഹൃത്തിന് ക്ഷോഭവാക്കുകൾ കുത്തിനിറച്ച് കത്തെഴുതി ഒരാൾ പോസ്റ്റ് ചെയ്തു. പോസ്റ്റ് ചെയ്ത് കഴിഞ്ഞപ്പോഴേക്കും അയാളുടെ ദേഷ്യമെല്ലാം പമ്പകടന്നിരുന്നു. ഒടുവിൽ കത്ത് സുഹൃത്തിനു കിട്ടുന്നതിനു മുമ്പ് തന്നെ സുഹൃത്തിന്റെ വീട്ടിൽ ചെന്ന് കാര്യമെല്ലാം പറഞ്ഞ് പ്രശ്നം പരിഹരിച്ചു. തപാലിലയക്കുന്ന ഒരു കത്ത് ഒരാൾക്ക് കിട്ടാൻ രണ്ട് മൂന്ന് ദിവസം വേണ്ടിവരും. എന്നാൽ പുതിയ കാലത്ത് ക്ഷണനേരം കൊണ്ടുതന്നെ പ്രതികരണം ലോകമെങ്ങും പരക്കും. രണ്ടാമതൊരു ആലോചനയ്ക്ക് ഇടംകൊടുക്കാത്ത വിധത്തിൽ അത്ര വേഗത്തിൽ പുറപ്പെട്ടുപോയ വാക്ക് എത്തേണ്ടാത്തിടങ്ങളിലും ചെന്നുചേരും.

ഫ്രാങ്ക് ബ്രൂണി എന്ന കോളമിസ്റ്റ് ന്യൂയോർക്ക് ടൈംസിൽ അടുത്തിടെ എഴുതിയ തിങ്ക് ബിഫോർ യു-ടീറ്റ് എന്ന തലക്കെട്ടിലെഴുതിയ ലേഖനം ഒരു ആലോചനയും കൂടാതെ നവമാധ്യമങ്ങളിൽ പ്രതികരണങ്ങൾ കുറിക്കുന്നതിന്റെ അപകടങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽകുന്നു. ഒരു വാക്ക് പറയുന്നതിനു മുമ്പ് 10 വരെയെങ്കിലും എണ്ണണമെന്ന് തന്റെ മുത്തശ്ശിയുടെ ഉപദേശം കൂട്ടുപിടിച്ചാണ് അദ്ദഹം ഡിജിറ്റൽ മാധ്യമങ്ങളിലെ പ്രതികരണങ്ങളെ കുറിച്ച് വിലയിരുത്തുന്നത്. ചെറിയ മൗനവും ഇടവേളയും വികാരവിക്ഷോഭങ്ങളെ തണുപ്പിക്കും. ഏറ്റവും മാന്യമായ പ്രതികരണത്തിന് അത് ·പ്രാണവായു നൽകും. ശുഭചിന്തകൾക്ക് അത് ചിറക് നൽകും. കാര്യങ്ങളെ ഒരു അവധാനതയിൽ സമീപിച്ചാൽ അതിന്റെ മഹത്വത്തിൽ അത് പരിപൂർണ്ണമാവും. ഞൊടിയിട നേരം കൊണ്ട് മനസ്സിൽ തോന്നുന്നതെന്തും ലക്ഷോപലക്ഷം ആളുകളിലേക്ക് തൊടുത്തുവിടുന്ന വീണ്ടുവിചാരമില്ലാത്ത പോസ്റ്റുകൾ ചെയ്യുന്നവർക്ക് ബ്രൂണിയുടെ മുത്തശ്ശി പറഞ്ഞ വാക്കുകൾ ഓർക്കാവുന്നതാണ്.

മാനസിക വിക്ഷോഭങ്ങൾ ഉണ്ടാവുമ്പോൾ ഇന്റർനെറ്റും മൊബൈൽഫോണും ഡിസ്കണക്ട് ചെയ്യുന്ന ഒരു സുഹൃത്തിനെ പരിചയമുണ്ട്. ഏതാനും ദിവസങ്ങളോളം നെറ്റ് കണക്ടിവിറ്റിയും ഫോൺ കണക്ഷൻ പോലും ഉപേക്ഷിച്ച് ഏകാന്തതയിൽ കഴിയുന്നവരുണ്ട്. അതിനാൽ ദേഷ്യവും അടക്കാനാവാത്ത മാനസികവിക്ഷോഭവും ഉണ്ടാകുമ്പോൾ കുറച്ചുനേരത്തേക്കെങ്കിലും സ്മാർട്ട്ഫോണും കമ്പ്യൂട്ടറും ഉപയോഗിക്കാതിരിക്കൂ.

---

*ജന്മനക്ഷത്രങ്ങൾ തുടർച്ച...*

വളർത്താവുന്നതല്ലേ, വൃക്ഷം സംരക്ഷിക്കാവുന്നതല്ലേ എന്ന് ശങ്കിക്കുന്നവരും കാണും. അവരത് ചെയ്യട്ടെ വളരെ നല്ലത്. അത്തരക്കാർക്കുള്ള പ്രചോദനമല്ലാതെ മറ്റു പ്രചോദനങ്ങളെ വേണ്ടവർക്കായി ഈ വഴി തുടരാം. തൈ നട്ട് മരം നട്ടെന്ന് അഹങ്കരിച്ച് തുടർസംരക്ഷണം നടത്താതെ മൂടും തട്ടി പോയി പത്രത്തിൽ വാർത്ത വരുത്താൻ നെട്ടോട്ടമോടുന്നവരുടെ ഈ കാലത്ത്, ഹിംസ പെരുകുന്ന ഈ കാലത്ത് ജീവഹത്യയിൽ നിന്ന് പിന്തിരിയാൻ താൽപര്യമുണർത്താൻ ഇനിയുമിനിയും മാർഗ്ഗങ്ങൾ ആവശ്യമാണ്. അതിനാൽ ജന്മനക്ഷത്രങ്ങളെങ്കിൽ ജന്മനക്ഷത്രങ്ങൾ! നമുക്ക് നക്ഷത്ര വൃക്ഷങ്ങളെ പരിപാലിക്കാം. ജീവികളോട് കരുണയുള്ളവരാകാം.

"മരവും മനുഷ്യനും കിളിയും മൃഗങ്ങളും
ചെടിയും ചൊടിക്കാത്ത നാടെവിടെ മക്കളെ"
**-അയ്യപ്പ പണിക്കർ**


**ലിറ്റിൽ മാസിക ബ്ലോഗ്**

ഏതാനും മുൻ ലക്കങ്ങൾ വായിക്കാം
**littlemasika.blogspot.in**

# ഉറുമ്പുകൾ

ഉറുമ്പുകളെ നിരീക്ഷിക്കുന്നത് ഒരു ശീലമായി കൊണ്ടുനടക്കുന്നയാളാണ് അധ്യാപകനായ ജോസഫ് ജോർജ്ജ്. ഗൗരവപൂർണ്ണമായ കാര്യങ്ങൾക്കിടയിൽ തരം കിട്ടിയാൽ കുനിഞ്ഞിരുന്ന് ഉറുമ്പുകളുടെ സഞ്ചാരം സസൂക്ഷ്മം നിരീക്ഷിച്ച് അവരിൽ നിന്ന് ചില പാഠങ്ങൾ മനസ്സിലാക്കി അനുഭവം മറ്റുള്ളവരുമായി അദ്ദേഹം പങ്കിടാറുണ്ട്. അരുന്ധതീ റോയിയുടെ ഗോഡ് ഓഫ് സ്മോൾ തിങ്ക്സ് എന്ന നോവലിനെ മുൻനിർത്തി ഐ. ഷണ്മുഖദാസ് എഴുതിയ ശരീരം, നദി, നക്ഷത്രം എന്ന പുസ്തകത്തിൽ ഉറുമ്പുകളെ കുറിച്ച് പഠിക്കാൻ ജീവിതം തന്നെ ഉഴിഞ്ഞുവെച്ച അലബാമക്കാരനായ എഡ്വേർഡ് ഒ വിൽസൺ മറ്റൊരാളുമായി ചേർന്നെഴുതിയ ഉറുമ്പുകൾ എന്ന പുസ്തകത്തെ കുറിച്ച് പറയുന്നുണ്ട്. ബൃഹത്തായ ആ പുസ്തകം മുകളിൽ നിന്നും താഴേക്കിട്ടാൽ അതിന്റെ വലിപ്പം ഒരു മനുഷ്യനെ കൊല്ലാൻ മാത്രം പോന്നതാണെന്ന് അവകാശപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. അത്രമാത്രമുണ്ട് ഉറുമ്പുകളെ കുറിച്ച് അറിയാനും പഠിക്കാനും. ഗുരുവായ മാർട്ടിൻ ലിന്റോർ ഒരിക്കൽ വിൽസണോട് പറഞ്ഞത്രെ: കൊച്ചു കാര്യങ്ങളിൽ ശ്രദ്ധിക്കൂ. "Look for the little things (ശരീരം, നദി, നക്ഷത്രം - പേജ് 16)



*എഡ്വേർഡ് ഒ വിൽസൺ*

## ഫോട്ടോ.. ഫോട്ടോ..

ഒഴിവുകാല യാത്രയ്ക്കിടെ നിങ്ങൾ പകർത്തിയ പതിനാറായിരം ചിത്രങ്ങളിൽ എത്രയെണ്ണം വീട്ടിൽ മടങ്ങിയെത്തിയ ശേഷം വീണ്ടും കാണാൻ ശ്രമിച്ചു? ഡിജിറ്റൽ ഫോട്ടോഗ്രഫിയുടെ ഏറ്റവും വലിയ മേൻമ നിങ്ങൾക്ക് എത്രയധികം ചിത്രങ്ങൾ വേണമെങ്കിലും എടുക്കുകയും അവയിൽ നിന്ന് ഏറ്റവും മികച്ചതു തെരഞ്ഞെടുക്കുകയും ചെയ്യാം എന്നതാണ്.

എന്നാൽ അതിന്റെ ഏറ്റവും വലിയ ന്യൂനത നിങ്ങൾ പലപ്പോഴും അങ്ങനെ ചെയ്യാറില്ല എന്നതും. അതിന്റെ ഫലമായി നിങ്ങളുടെ പേഴ്സണൽ കമ്പ്യൂട്ടറിലെ ഫോൾഡറുകൾ മോശപ്പെട്ട നിലവാരമുള്ള അസംഖ്യം ചിത്രങ്ങൾ കൊണ്ടു നിറയുകയും അവയിൽ ഏറ്റവും ഗുണമേൻമയുള്ളവ എവിടെയെങ്കിലും ഒളിഞ്ഞിരിക്കുകയും ചെയ്യും എന്നതാണ്.

*മൈക്കിൾ ഹെപ്പൽ എഴുതിയ 'ദിവസവും ഓരോ മണിക്കൂർ എങ്ങനെ ലാഭിക്കാം' എന്ന പുസ്തകത്തിൽ നിന്നാണ് ഈ ഭാഗം.*


## പൂവിനെ ബഹുമാനിക്കാൻ

ഡി.എഫ്. കാരക ബോംബെക്കാരനായ ഒരു വലിയ എഴുത്തുകാരനായിരുന്നു. അദ്ദേഹം ഒരിക്കൽ ജപ്പാനിൽ പോയി. അപ്പോഴവിടുത്തെ കോളേജ് കുമാരികൾ അദ്ദേഹത്തിന് അതിമനോഹരമായ കുറേ പൂക്കൾ കൊണ്ടുപോയി കൊടുത്തു. ആ പൂക്കളും കയ്യിൽ പിടിച്ച് കൂടെയുള്ളവരോട് സംസാരിച്ചുകൊണ്ടു നടന്നു. പെട്ടെന്ന് ഒരു പെൺകുട്ടി അദ്ദേഹത്തിന്റെ കരണത്ത് ഒറ്റയടി. കാരക സ്തംഭിച്ചുപോയി. ഞാനിവിടുത്തെ പ്രധാന അതിഥിയാണ്. എന്നിട്ട് ഈ പെൺകുട്ടി എന്നെ അടിച്ചിരിക്കുന്നു. അദ്ദേഹം ചോദിച്ചു: "എന്തിനാണ് നിങ്ങൾ എന്നെ അടിച്ചത്?" അവൾ താഴേക്ക് വിരൽ ചൂണ്ടി. അവിടെയൊരു പൂവ് കിടക്കുന്നു. അതിനെ അദ്ദേഹം ഷൂസ് കൊണ്ട് ചവിട്ടിമെതിച്ചിരിക്കുന്നു. അതറിയാതെ അദ്ദേഹം സംസാരിച്ചുകൊണ്ട് നടന്നു. അവൾ പറഞ്ഞു. "എത്ര മഹാനായാലും ഒരു പൂവിനെ ബഹുമാനിക്കാൻ കഴിയാത്ത നിങ്ങൾ ഒരു മനുഷ്യനല്ല."

*(ഗുരു നിത്യചൈതന്യയതി എഴുതിയ ഇത്തിരി ക്കാര്യം എന്ന ലേഖനത്തിൽ നിന്ന്.കടപ്പാട്: നാരായണ ഗുരുകുലം,വർക്കല)*

## ഇരുട്ടറകൾ

കുസൃതി കാണിച്ചതിന് ആറു വയസ്സുകാരിക്ക് ഇരുട്ടറയിൽ നിൽക്കാൻ ശിക്ഷ വിധിച്ച ബാംഗ്ലൂരിലെ ഹൈടെക് സ്കൂളിലെ അധ്യാപകൻ കുട്ടിയെ ക്രൂരമായി പീഡിപ്പിച്ചവരോളം വലിയ കുറ്റമാണ് ചെയ്തത്. പ്രതിവർഷം ലക്ഷങ്ങൾ ഫീസായി വാങ്ങുന്ന ഇത്തരം സ്കൂൾ നടത്തിപ്പുകാരും അതിലെ അധ്യാപകരും ജപ്പാനിലെ കോബയാഷി മാസ്റ്ററെ കുറിച്ചും, അദ്ദേഹം നടത്തിയിരുന്ന ട്ടോമോ എന്ന സ്കൂളിനെ കുറിച്ചും അറിഞ്ഞിരിക്കാൻ ഇടയില്ല. ട്ടോമോ അനുഭവങ്ങൾ ചേർത്ത് പ്രസിദ്ധീകരിച്ച ടോട്ടോചാൻ എന്ന മഹത്തായ കൃതിയുടെ പ്രതികൾ ഇന്ത്യയിലെ എല്ലാ സ്കൂളുകളിലും അധ്യാപകർ നിർബന്ധമായും വായിക്കണമെന്ന് നിർദേശിക്കേണ്ടതാണ്.



# കദീശുമ്മയുടെ റേഡിയോ

*കദീശുമ്മയുടെ കൊച്ചുമുറിയിൽ റേഡിയോയിലൂടെ ശബ്ദങ്ങൾ നിറയുമ്പോൾ ഒറ്റയ്ക്കല്ല, വലിയൊരു ആൾക്കൂട്ടത്തിനു നടുവിലാണെന്ന് അവർക്ക് തോന്നാറുണ്ടത്രേ!*

കഴിഞ്ഞ നാൽപത് വർഷമായി റേഡിയോ മെക്കാനിക്കായി ജോലി ചെയ്യുന്നയാളാണ് ഞാൻ. ഒരു കാലത്ത് ദിവസം മുപ്പതിൽപരം റേഡിയോകൾ എന്റെ കടയിൽ റിപ്പയറിംഗിനായി വരുമായിരുന്നു. ഇന്നാണെങ്കിൽ വല്ലപ്പോഴും വരുന്ന പതിവുകാർ മാത്രം. മദ്രസകളിലും പള്ളികളിലും മറ്റും ആവശ്യമായ മൈക്ക് സെറ്റുകൾ റിപ്പയറിംഗ് നടത്തിയാണ് ഇന്ന് ഞാൻ ഉപജീവനം നടത്തുന്നത്. എങ്കിലും ആവശ്യക്കാർക്ക് കൊടുക്കാൻ മൂന്ന് നാല് റേഡിയോ സെറ്റുകൾ എന്റെ കടയിൽ എപ്പോഴുമുണ്ടാകും. എഴുപതിനോടടുത്ത് പ്രായം വരുന്ന കദീശുമ്മ എന്റെ പണ്ട് മുതൽക്കെയുള്ള കസ്റ്റമറാണ്. മഴക്കാല രോഗങ്ങളിൽ പെട്ട് അവശതയിലാവുന്ന റേഡിയോയുമായി എല്ലാ വർഷകാലത്തും അവരെത്തും. താത്താ, കുറെ പണിയുണ്ട്. രണ്ട് ദിവസം കഴിഞ്ഞുവാ എന്ന് പറയുമ്പോൾ കദീശുമ്മയുടെ കണ്ണു നിറയും. ഭർത്താവുപേക്ഷിച്ച് ഏക മകനുമായി ജീവിതത്തിന്റെ കഠിനകാലം ഒറ്റയ്ക്ക് താണ്ടിയപ്പോൾ എന്നും ഒപ്പം നിന്നത് റേഡിയോ ആണെന്ന് അവർ പറയും. ഇപ്പോൾ പക്ഷേ നല്ല കാലമായി. മകന് ഗൾഫിൽ ജോലിയായി. എന്നാലും വല്ലാത്ത ഒറ്റപ്പെടലിൽ ജീവിതം തളരുമ്പോൾ കദീശുമ്മയുടെ ആശ്വാസമാണ് റേഡിയോ. രാവിലെ ഓൺ ചെയ്യുന്ന റേഡിയോ രാത്രിയേ ഓഫാക്കൂ. പല ഭാഷകളിൽ, പല ലോകങ്ങൾ കദീശുമ്മയുടെ കൊച്ചുമുറിയിൽ റേഡിയോയിലൂടെ വന്നും പോയുമിരിക്കും. അപ്പോൾ ഒറ്റയ്ക്കല്ല, വലിയൊരു ആൾക്കൂട്ടത്തിനു നടുവിലാണെന്ന് അവർക്ക് തോന്നാറുണ്ടത്രേ! ഏതായാലും കദീശുമ്മയുമായി സംസാരിക്കുമ്പോൾ ഒരു റേഡിയോ മെക്കാനിക്ക് എന്ന നിലയിൽ എനിക്കുള്ള സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്. *(ചുങ്കത്തറയിലെ റേഡിയോ മെക്കാനിക്കായ ശ്രീധരൻ പറഞ്ഞ നേരനുഭവത്തെ ആസ്പദമാക്കി തയ്യാറാക്കിയത്)*

# ജീവിതത്തിന്റെ കണക്കു പുസ്തകം

**ഒരു പാൽവിതരണ സൊസൈറ്റിയിലെ ചെറിയ വരുമാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരി തന്റെ വീട്ടുകണക്കുകൾ എഴുതി വെച്ച പഴയ നോട്ടുപുസ്തകത്തിൽ നിന്നും രാജ്യത്തിന്റെ വാർഷിക ബജറ്റ് തയ്യാറാക്കുന്ന മഹാമന്ത്രിക്കു പോലും പഠിക്കാനുണ്ട്.**

ഒരു സഹകരണ ബാങ്കിലെ ജീവനക്കാരിയാണ് ഞാൻ. ഒരു ദിവസം ബാങ്കിലെത്തിയ ഇടപാടുകാരിലൊരാൾ മറന്നുവെച്ച പഴയൊരു പോക്കറ്റ് നോട്ട്ബുക്ക് ശ്രദ്ധയിൽ പെട്ടു. വെറുതെ അശ്രദ്ധമായി അതിലൂടെ ഒന്ന് കണ്ണോടിച്ചപ്പോൾ കൗതുകം തോന്നി. ഓരോ ദിവസത്തെയും വീട്ടുചിലവും വരവും ഇനം തിരിച്ച് കൃത്യമായി അതിലെഴുതി വെച്ചിരിക്കുന്നു. ആകാംക്ഷയോടെ വെറുതെ പേജുകൾ മറിച്ചുനോക്കി. ചിലവാക്കുന്ന ഏറ്റവും ചെറിയ തുക പോലും ഇനവും തിയ്യതിയും വെച്ച് എഴുതിവെച്ചിരിക്കുന്നു. ബസ്സ് യാത്രക്കൂലി, പലചരക്കുകടയിലെ ചിലവ്, പാൽ, പത്രം, ട്യൂഷൻ ഫീ എന്നിങ്ങനെയുള്ള ഇനങ്ങളാണ് കൂടുതൽ. എന്നാൽ ഓട്ടോറിക്ഷാ കൂലി, ബേക്കറി, മത്സ്യം, മാംസം എന്നീ ഇനങ്ങളിൽ മാത്രം ചിലവൊന്നും കാണുന്നില്ല. വളരെ ചിട്ടയായി ആവശ്യത്തിനുമാത്രം പണം ചിലവിട്ട് ജീവിക്കുന്ന ഒരു കുടുംബ ബജറ്റായിരുന്നു ആ കൊച്ചു നോട്ടുപുസ്തകത്തിൽ. പലിശയിനത്തിലോ, ബാങ്ക്വായ്പ തിരിച്ചടവ് ഇനത്തിലോ യാതൊരു കണക്കും അതിൽ കണ്ടില്ല എന്നത് ശ്രദ്ധേയമാണ്. ഉച്ചതിരിഞ്ഞ് ഓടിക്കിതച്ച് ഒരു സ്ത്രീ ബാങ്കിലെത്തി. കിതച്ചുകൊണ്ട് തന്റെ മറന്നുവെച്ച പുസ്തകം കണ്ടോ എന്നു തിരക്കി. അവരെ എനിക്ക് നേരത്തെ പരിചയമുള്ളയാളാണ്. ഒരു പാൽവിതരണ സൊസൈറ്റിയിലെ ചെറിയ വരുമാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരിയായിരുന്നു അവർ. തളർവാത രോഗിയായ ഭർത്താവിനെയും വിദ്യാർത്ഥികളായ മക്കളെയും ചുമലിലേറ്റി ജീവിതം മുന്നോട്ടു കൊണ്ടുപോകുന്ന ആ സ്ത്രീയെ എന്നും ബഹുമാനത്തോടെയാണ് നോക്കി കണ്ടിരുന്നത്. ഏറ്റവും സംതൃപ്തമായ ഒരു ജീവിതം നയിക്കുന്നതിന്റെ രഹസ്യം അടങ്ങിയ ആ കണക്കുപുസ്തകം നെഞ്ചോട് ചേർത്ത് നടന്നുനീങ്ങുന്നത് തികഞ്ഞ ആദരവോടെയാണ് ഞാൻ നോക്കി നിന്നത്.

കുനുകുനെയുള്ള അക്ഷരങ്ങളിലും അക്കങ്ങളിലും ജീവിതത്തെ തൊട്ട് എഴുതിയ ആ കണക്കുപുസ്തകം രാജ്യത്തിന്റെ വാർഷിക ബജറ്റ് തയ്യാറാക്കുന്ന മഹാമന്ത്രിക്കു പോലും മാതൃകയാണ്. ആ കണക്കുപുസ്തകം ജീവിതത്തിന്റെ മഹാമന്ത്രങ്ങളിലെഴുതിയ പുസ്തകം തന്നെയായിരുന്നു. *(സഹകരണ സ്ഥാപനത്തിൽ ജോലിചെയ്യുന്ന റോഷ്നി വർഗീസ് പറഞ്ഞ അനുഭവത്തെ ആസ്പദമാക്കി തയ്യാറാക്കിയത്)*

*സമാഹരണം : ലിമാ ഡെസ്ക്*

## മരീചിക

**സുകേതു**

തീവണ്ടി ജനാലയിലൂടെ കണ്ട നിളയെ ചൂണ്ടി മടിയിലിരിക്കുന്ന അംഗനവാടി ചെക്കന് അച്ഛൻ പരിചയപ്പെടുത്തി. "അദാണ് മകനെ മരുഭൂമി.." "പുളുവടിക്കാതെയച്ഛാ.. അപ്പോ അങ്ങിങ്ങായി കാണുന്ന നീർച്ചാലുകളോ?.. "അദ് മരീചികയാണ് മകനെ.."

## Back Cover Story

# പട്ടുമേനിക്കെന്തിനു പട്ട്...?

**പട്ടുനൂൽ നിശാശലഭപ്പുഴുക്കൾ ജീവനോടെ വേവുമ്പോഴാണ് പട്ടുനൂൽ ലഭിക്കുക. ഒരു പട്ടുസാരിക്കായി 50,000 ജീവനുകൾ ഹോമിക്കപ്പെടുന്നു. എല്ലാ ജീവനും തുല്യവിലയാണെന്ന് നാം വിശ്വസിക്കുന്നുവെങ്കിൽ 50,000 മൃതശരീരങ്ങളുടെ ചർമ്മം ധരിക്കുകയെന്നത് എത്ര ഭയാനകവും നീചവുമായ പ്രവൃത്തിയാണ്.**

കൊടുംക്രൂരതയുടെ മറ്റൊരദ്ധ്യായമാണ് പട്ടുനൂൽ വ്യവസായം. ചിത്രശലഭങ്ങളെ കുറിച്ചും നിശാശലഭങ്ങളെ കുറിച്ചും അവയുടെ അതിശയകരമായ വളർച്ചാഘട്ടങ്ങളെ കുറിച്ചും നമ്മൾ ചെറിയ ക്ലാസിൽ തന്നെ പഠിക്കും. പക്ഷേ പട്ടുനൂൽ നിശാശലഭങ്ങളെ കുരുതി കൊടുത്ത് ഉണ്ടാക്കുന്നതാണ് നമ്മുടെ പട്ടുപാവാടയും പട്ടുസാരിയും മറ്റുമെന്ന് ആരും ഓർക്കാറില്ല. ശലഭക്കുഞ്ഞുങ്ങളായ പുഴുക്കളെ(ലാർവകളെ)യാണ് നമ്മൾ ജീവനോടെ തിളപ്പിച്ചു കൊല്ലുന്നത്. പട്ടുനൂൽ നിശാശലഭപ്പുഴുക്കൾ ജീവനോടെ വേവുമ്പോഴാണ് പട്ടുനൂൽ ലഭിക്കുക. ഒരു പട്ടുസാരിക്കായി 50,000 ജീവനുകൾ ഹോമിക്കപ്പെടുന്നു. എല്ലാ ജീവനും തുല്യവിലയാണെന്ന് നാം വിശ്വസിക്കുന്നുവെങ്കിൽ 50,000 മൃതശരീരങ്ങളുടെ ചർമ്മം ധരിക്കുകയെന്നത് എത്ര ഭയാനകവും നീചവുമായ പ്രവൃത്തിയാണ്.

ഇന്ത്യയിൽ 17 സംസ്ഥാനങ്ങളിലായി 700 പട്ടുവസ്ത്ര നിർമ്മാണശാലകൾ വ്യാപിച്ചു കിടപ്പുണ്ട്. 1994-95 ൽ പട്ടുനൂൽ ഉൽപാദനം 13,879 ടണ്ണായിരുന്നു. ഇതിന് എത്ര കോടാനുകോടി നിശാശലഭങ്ങളെ ഹോമിച്ചിട്ടുണ്ടാകും എന്ന് കണക്കുകൂട്ടി നോക്കൂ...! പട്ടിന്റെ പകിട്ടിൽ നാം വശീകരിക്കപ്പെടുമ്പോൾ ഈ ഭീകര ഹിംസയെക്കുറിച്ച് നമുക്ക് ഓർക്കാൻ കഴിയുമോ..?

പട്ടുനൂൽ ഉൽപാദന കേന്ദ്രങ്ങളിൽ വളർത്തുന്ന ആൺശലഭങ്ങളെ, ഇണചേർന്നതിനുശേഷം ചവറ്റുകുട്ടകളിലാക്കി, വ്യവസായ കേന്ദ്രങ്ങളിൽ നിന്നും പുറന്തള്ളുന്നു. പെൺശലഭങ്ങളിടുന്ന മുട്ടകൾ നാലോ അഞ്ചോ ദിവസങ്ങൾക്കുള്ളിൽ വിരിഞ്ഞ് ചെറുലാർവകൾ പുറത്തുവരുന്നു. ഇവ മൾബറി ഇലകൾ തിന്ന് വളരാനാരംഭിക്കുന്നു. ഒരു മാസം കൊണ്ട് ഇവ വലിയ പുഴുക്കളായി മാറും. പുഴുക്കൾ ശലഭങ്ങളാകുന്ന പരിണാമഘട്ടത്തിനു മുമ്പ് അവ തങ്ങളുടെ ഉമിനീരിൽ നിന്നും ഉണ്ടാക്കുന്ന ഒരു വസ്തു ഉപയോഗിച്ച് സ്വന്തം ശരീരത്തിനു ചുറ്റും കൊക്കൂണുകൾ നിർമ്മിച്ച് സമാധിയിരിക്കും. സ്വയം സംരക്ഷിക്കാനും ശലഭമായി പരിണമിച്ച് പുറത്തുവരാനുമുള്ള ആ ആവരണം തന്നെ അവയുടെ നാശത്തിനു കാരണമാവുകയാണിയിവിടെ. ശലഭമായി പുറത്തുവരുമ്പോൾ ഈ കൊക്കൂൺ തകരും. ഇതു തടയാനാണ് ഇവയെ തിളപ്പിച്ചു കൊല്ലുന്നത്. രൂപാന്തരീകരണത്തിന് ഏഴ് ദിവസം മാത്രം ബാക്കി നിൽക്കെയാണ് ക്രൂരമായ പട്ടുനൂൽ നിർമ്മാണം തുടങ്ങുന്നത്. കൊക്കൂണുകൾ ശേഖരിച്ച് ഹീറ്റിംഗ് ചേംബറിനകത്താക്കുന്നു. 70 മുതൽ 90 ഡിഗ്രി സെൽഷ്യസ് ചൂടിൽ 3-4 മണിക്കൂർ ഇവയെ സൂക്ഷിക്കുന്നു. ഈ സമയം കൊണ്ട് ഉള്ളിലെ പ്യൂപ്പ പതിയെ ശ്വാസംമുട്ടി പൊള്ളലേറ്റ് മരിക്കും.

ഈ കൊക്കൂണുകൾ വീണ്ടും തിളപ്പിച്ചാണ് പട്ടുനൂൽ വേർതിരിച്ചെടുക്കുക. ക്രൂരത ഇതുകൊണ്ടൊന്നും തീരുന്നില്ല. ഉൽപാദന കേന്ദ്രങ്ങളിലെ മുഴുവൻ കൊക്കൂണുകളെയും നൂലുൽപാദനത്തിനായി എടുക്കില്ല. ഇങ്ങനെ ബാക്കി വെയ്ക്കുന്ന ശലഭങ്ങളെ മുട്ടയിടുന്നതിനായാണ് ഉപയോഗിക്കുക. മികച്ച പട്ടുനൂൽ വിൽക്കുന്നതിനായി ഇണ ചേരുന്ന സമയത്ത് ഇവയുടെ ചിറകുകൾ മുറിച്ചുകളയും. മുട്ടയിട്ടു കഴിഞ്ഞാൽ പിന്നീട് പ്രജനനശേഷി ഇല്ല എന്ന കാരണത്താൽ ഇവയെ കൊന്നുകളയും.

ശലഭങ്ങൾക്ക് രോഗം ബാധിച്ചിട്ടുണ്ടോ എന്നറിയുന്നത് ഇവയുടെ വാൽഭാഗം മുറിച്ച് സൂക്ഷ്മദർശിനി ഉപയോഗിച്ച് പരിശോധിച്ചാണ്. ചത്ത പട്ടുനൂൽ ശലഭങ്ങളിൽ നിന്നും ഉണ്ടാക്കുന്ന സിൽക്ക് ഓയിലും സിൽക്ക് പൗഡറും സൗന്ദര്യവർദ്ധക വ്യവസായത്തിൽ ഒട്ടേറെ ഉൽപന്നങ്ങൾക്ക് ഉപയോഗിക്കുന്നു.

പട്ടുനിശാശലഭങ്ങളുടെ ഈ കൂട്ടക്കൊല വൻ പരിസ്ഥിതി നാശത്തിലാണ് കലാശിക്കുന്നത്. ശലഭങ്ങളിലൂടെ പരാഗണം നടത്തുന്ന ഒട്ടേറെ സസ്യങ്ങളുണ്ട്. ആസ്ത്രേലിയയിലെ ചില കൃഷിയിടങ്ങളിൽ ശലഭങ്ങളുടെ സഹായത്തോടെയാണ് കൃഷി നടത്തുന്നത്. ഓന്ത്, എട്ടുകാലി, വവ്വാൽ, കുരങ്ങ് എന്നിവയുടെ ആഹാരവുമാണ് ശലഭങ്ങൾ. പട്ടുനൂൽ ഉൽപാദനത്തിലെ ഹിംസ കണക്കിലെടുത്ത് ലോകമെമ്പാടും നിരവധി പേർ പട്ടുവസ്ത്രങ്ങളെ ഉപയോഗിക്കില്ല എന്ന തീരുമാനത്തിലെത്തിയിട്ടുണ്ട്. ആസാമിൽ ശലഭങ്ങൾ പറന്നുപോയ കൊക്കൂണുകൾ ഉപയോഗിച്ച് എറി സിൽക്ക് എന്നു പേരുള്ള ഒരു തരം അഹിംസാ സിൽക്ക് പരമ്പരാഗതമായി ഉൽപാദിപ്പിക്കുന്നുണ്ട്.

പട്ടുനൂൽ ഉൽപാദനത്തിന്റെ പേരിൽ തമിഴ്നാട്ടിൽ നടക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങൾ ഭീകരമാണ്. അഞ്ചു വയസ്സിനും പതിമൂന്ന് വയസ്സിനും ഇടയ്ക്കുള്ള അമ്പതിനായിരം കുട്ടികളാണ് കാഞ്ചിപുരം, തിരുവണ്ണാമലൈ എന്നീ ജില്ലകളിൽ പട്ടുകൈത്തറികളിൽ അടിമവേല ചെയ്ത് ജീവിതം ഒടുക്കുന്നത്. കാഞ്ചിപുരത്തെ മിക്ക കുഞ്ഞുങ്ങളും പട്ടുവ്യവസായത്തിന്റെ അടിമകളാണ്. 12 മണിക്കൂർ നീണ്ടതാണ് അവരുടെ പണിദിവസം. കല്യാണ ഉൽസവ സീസണുകളിൽ അത് 16 മണിക്കൂർ വരെ നീണ്ടുപോയേക്കാം. 12 മുതൽ 16 മണിക്കൂർ വരെ കഠിനാദ്ധ്വാനം ചെയ്യുന്ന കുഞ്ഞുങ്ങൾക്ക് നട്ടെല്ലിനും കണ്ണിനും കേടും കൈകാലുകളിൽ മുറിവുകളും സർവ്വസാധാരണമാണ്. പട്ടുവസ്ത്രങ്ങൾ വാങ്ങുന്നയാൾ തീർച്ചയായും മേൽപറഞ്ഞ ക്രൂരതകൾക്കും ഉത്തരവാദിയാണ്. തെറ്റുതിരുത്തൽ പ്രക്രിയയിൽ നമുക്കോരോരുത്തർക്കും ചെയ്യാനുള്ളത് ജീവിതം ലളിതവും ഭൗതിക വസ്തുക്കളിൽ നിന്നും പരമാവധി സ്വതന്ത്രമാക്കുക എന്നതുമാണ്.

(കടപ്പാട്: 'ഹരിതകുലം', സീക്ക്, പയ്യന്നൂർ)

Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at nTK Offset Printers, Manjeri for Co-Operative Press Chungathara.